നം.കെ.എസ്.എ.പി.റ്റി.എ.പി**11/1526/2018** തീയതി: **11.12.2018**

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്, **1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്, **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01.04.2017മുതൽ 31.03.18 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 7.11.2018 മുതൽ 21.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. പ്രദീപ്കുമാർ എൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. മണിയാർ രാധാകൃഷ്ണൻ | 1.4.2017 മുതൽ 31.3.2018 വരെ |

വൈസ് പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി സ്വപ്ന സൂസൻ ജേക്കബ് | 1.4.2017 മുതൽ 31.3.2018 വരെ |

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാർ

| | |
|---|---|
| ശ്രീ. തോമസ് കെ ഇ (വികസനം) | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീ.അജേഷ് മണപ്പാട്ട് (വിദ്യാഭ്യാസം-ആരോഗ്യം) | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീമതി സാലി മാത്യു (ക്ഷേമകാര്യം) | 1.4.2017 മുതൽ 31.3.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ സി സുരേഷ് കുമാർ | 1.4.2017 മുതൽ 1.6.2017 വരെ |
| ശ്രീ. രാജേഷ് ആർ (അസിസ്റ്റന്റ് സെക്രട്ടറി) | 2.6.2017 മുതൽ 11.6.2017 വരെ |
| ശ്രീ. ശ്രീകുമാർ ആർ | 12.6.2017 മുതൽ 17.7.2017 വരെ |
| ശ്രീ. രാജേഷ് ആർ (അസിസ്റ്റന്റ് സെക്രട്ടറി) | 18.7.2017 മുതൽ 2.8.2017 വരെ |
| ശ്രീമതി ജ്യോതി എസ് | 3.8.2017 മുതൽ 31.3.2018 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| കൃഷി ഓഫീസർ | |
| ശ്രീമതി രാജപുഷ്പം പി ജെ | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ **(**പി.എച്ച്.സി**)** | |
| ഡോ. ശ്രീകുമാർ എസ് | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ **(**ഹോമിയോ**)** | |

| | |
|---|---|
| ഡോ. രമ്യ ദത്ത് | 1.4.2017 മുതൽ 24.10.2017 വരെ |
| ഡോ. ജിഷ | 25.10.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| ഡോ. മേരി ജോൺ | 1.4.2017 മുതൽ 31.3.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീമതി അമ്മിണിക്കുട്ടി റ്റി സി | 1.4.2017 മുതൽ 31.3.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ. രമേശ്കുമാർ റ്റി | 1.4.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | |
| ഡോ. സിന്ധു കെ എ | 1.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി ഷൈനി | 1.4.2017 മുതൽ 5.12.2017 വരെ |
| ശ്രീമതി ലക്ഷ്മി മോഹൻ | 6.12.2017 മുതൽ 31.3.2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | |
| ശ്രീമതി സുലോചന റ്റി എൻ | 1.4.2017 മുതൽ 31.3.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | |
| ശ്രീ. പ്രഭുലാൽ | 1.4.2017 മുതൽ 31.3.2018 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

<u>ഭാഗം **1:** പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

<u>ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

<u>സൂചിക</u>


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം **1:** പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| | ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 2-1 |
| 13 | വിവരസാങ്കേതിക വകുപ്പിന്റെ “Right of Way” അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി | 2-2 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 15 | ചട്ടങ്ങൾ പാലിക്കാതെ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് അനുവദിച്ചു | 2-4 |
| 16 | പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും ചട്ട പ്രകാരമുള്ള രജിസ്ട്രേഷൻ/റിന്യൂവൽ സർട്ടിഫിക്കറ്റ് നൽകുന്നില്ല. | 2-5 |
| | ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | പദ്ധതി നടത്തിപ്പ് - അവലോകനം | 3-1 |
| 18 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ വീഴ്ച | 3-2 |
| 19 | ചമ്പോൺ - ബ്രദർമുക്ക് റോഡിൽ സംരക്ഷണഭിത്തി നിർമ്മാണം - അധികപ്രതിഫലം നൽകി | 3-3 |
| 20 | പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| 21 | ശബരിമല ഗ്രാന്റ്- പൂർണ്ണമായും ചെലവഴിക്കപ്പെടുന്നില്ല | 3-5 |
| 22 | തെരുവ് വിളക്ക് വാങ്ങൽ–അപാകതകൾ | 3-6 |
| 23 | കമ്പ്യൂട്ടർ വാങ്ങൽ - അപാകതകൾ | 3-7 |
| 24 | ദർഘാസ് പരസ്യം- ഒരേ പരസ്യങ്ങൾക്ക് രണ്ട് തവണ തുക നൽകി | 3-8 |
| 25 | പ്രോജക്ടുകളുടെ നിർവ്വഹണം പൂർണ്ണമായും പൂർത്തീകരിച്ചില്ല | 3-9 |
| 26 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം - പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തി | 3-10 |
| 27 | ഗ്രാന്റ് ഇനങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 3-11 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചില്ല | 3-12 |
| 29 | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തില്ല | 3-13 |
| 30 | സെന്റേജ് ചാർജ്ജ് അടവാക്കിയത് അനുവദനീയമല്ല | 3-14 |

| | | |
|---|---|---|
| 31 | ABC പ്രോഗ്രാം- പദ്ധതി നടപ്പിലായില്ല | 3-15 |
| 32 | ർഘാസ് പരസ്യങ്ങൾക്ക് വൻതുക ചെലവഴിച്ചു | 3-16 |
| 33 | എസ്.എസ്.എ പദ്ധതി- വിനിയോഗ രേഖകൾ പൂർണ്ണമല്ല | 3-17 |
| 34 | ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നില്ല | 3-18 |
| 35 | തെരുവ് വിളക്ക് മീറ്ററിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-19 |
| 36 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല | 3-20 |
| 37 | ജീവിതശൈലി രോഗങ്ങളുടെ നിർണ്ണയത്തിനായി വാർഡ്തല ക്ലിനിക്കുകൾ(വയോജനങ്ങൾക്ക്)-മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയത് ക്വട്ടേഷൻ ക്ഷണിക്കാതെ | 3-21 |
| 38 | ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിൽ - പുതിയ കെട്ടിടത്തിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല | 3-22 |
| 39 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക പൂർണ്ണമായി അനുവദിച്ച് നൽകിയില്ല | 3-23 |
| 40 | ഫണ്ട് അപര്യാപ്തം - ക്ഷീരകർഷകർക്ക് പാലിന് പരമാവധി സബ്സിഡി നൽകാനായില്ല | 3-24 |
| 41 | ന്യൂ യു.പി.എസ്. ഗവ. എൽ.പി.എസ് അടുക്കള നിർമ്മാണം- എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത | 3-25 |
| | ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 43 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 20.3.2017-ൽ ധനകാര്യ സ്ഥിരം സമിതിയിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 24.3.2017-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസഡ് ബഡ്ജറ്റ് 7.3.2018-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 15855404 | 15164520.42 | 690884 | |
| വരവ് | 184600985 | 86412845 | | 98188140 |
| ആകെ | 200456389 | 101577365.42 | | 98879024 |
| ചെലവ് | 184982000 | 80889929 | | 104092071 |
| നീക്കിയിരിപ്പ് | 15474389 | 20687436.42 | 5213047 | |

യഥാർത്ഥ തുകകളിൽ നിന്നും ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|
| 2017-18 | 31.7.2018 | 20-07-2018 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 12.7.2018-ലെ കെഎസ്എ.പിറ്റിഎ.പി11-672/18 നമ്പർ വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അപാകതകൾ ഖണ്ഡിക 1-11-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 15164520.42 |
| വരവ് | 86412845 |
| ആകെ | 101577365.42 |
| ചെലവ് | 80889929 |
| നീക്കിയിരിപ്പ് | 20687436.42 |

## 1-5 ഫണ്ട് വിനിയോഗം

| | *മുൻ ബാക്കി* | *തൻവർഷ വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 10270130 | 10270130 | 10270130 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | 5071952 | 5071952 | 5071952 | - |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | 152325 | 152325 | 152325 | - |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 28192974 | 28192974 | 28192974 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 2187355 | 2187355 | 2187355 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 4503050 | 4503050 | 4503050 | - |
| തൊഴിലുറപ്പ് പദ്ധതി | 1996 | 707688 | 709684 | 706750 | 2934 |
| തനത് ഫണ്ട്<br>(ബാങ്ക്) | 4500011 | 14230467 | 18730478 | 17868756 | 861722 |
| തനത് ഫണ്ട്<br>(ട്രഷറി) | 5465019 | 14082848 | 19547867 | 17974553 | 1573314 |
| ട്രഷറി ജോയിന്റ് വെൻച്ചർ | 200000 | 702618 | 902618 | 900000 | 2618 |
| KLGSDP | - | 2969879 | 2969879 | 2832187 | 137692 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 219 | 950004028 | 168 | 58194742 | 51 | 61 |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 32 | 13978180 | 27 | 6066612 | 43.4 |
| സേവനം | 70 | 24457400 | 51 | 16214167 | 66.3 |
| പശ്ചാത്തലം | 117 | 56568448 | 90 | 35913963 | 63.49 |
| ആകെ | **219** | **95004028** | **168** | **58194742** | **61.26** |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *പെൻഷൻ ഇനത്തിലെ ചെലവ്* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 216 | 2670600 |

| | | |
|---|---|---|
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1549 | 21990200 |
| വികലാംഗ പെൻഷൻ | 268 | 3083600 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 25 | 318200 |
| വിധവാ പെൻഷൻ | 794 | 9685200 |
| തൊഴിൽ രഹിത വേതനം | 4 | 3600 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2018-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 3044/- ( മൂവായിരത്തി നാല്പത്തി നാല് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**1.** പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഐ.എസ്.ഓ സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതുകയോ, ഫയലുകളുടെ തീർപ്പാക്കൽ സൂപ്പർവൈസറി ഉദ്യോഗസ്ഥർ പരിശോധിക്കുകയോ ചെയ്യുന്നില്ല.

**2.** അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ വരവ്-ചെലവ് കണക്കുകൾ മാസാന്ത്യത്തിലും വർഷാന്ത്യത്തിലും പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

**3.** രജിസ്റ്ററുകളുടെ പരിപാലനം

രജിസ്റ്ററുകളുടെ പരിപാലനം പൊതുവെ തൃപ്തികരമാണെങ്കിലും, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ട് വർഷങ്ങളായി. 2014വർഷം വരെയുള്ള വിവരങ്ങളേ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഈ വിഷയം ഓഡിറ്റിൽ നിരവധി തവണ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണെങ്കിലും അലംഭാവം തുടരുന്നു. 26-7-11-ലെ ജി.ഒ(എം.എസ്)152/11/ ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

**4.** ദുരിതാശ്വാസ നിധി

കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. അടിയന്തിര സന്ദർഭങ്ങളിൽ അർഹരായവർക്ക് സഹായം നൽകുന്നതിന് ഇപ്രകാരമൊരു നിധി പ്രയോജനപ്പെടുത്തേണ്ടതാണ്. കലാകായികവിനോദ പരിപാടികളിലൂടെയും സംഭാവന വഴിയും ഇതിനായി ഫണ്ട് സ്വരൂപിക്കാവുന്നതാണ്.

**5.** സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും കൃത്യമായി യോഗം ചേരുന്നുണ്ടെങ്കിലും, തങ്ങളുടെ ചുമതലയിൽ പെടുന്ന വിഷയങ്ങളിൽ ഗൗരവമായ ശ്രദ്ധ ചെലുത്തുന്നില്ല എന്ന് മിനിറ്റ്സിൽ നിന്ന് വ്യക്തമാകുന്നു. ക്രിയാത്മകമായ ചർച്ചകളോ അവലോകനമോ സ്റ്റാന്റിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ ഉണ്ടാകുന്നില്ല.

(എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

എല്ലാ മാസവും കൃത്യമായി യോഗം ചേർന്ന് മുൻമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട്. വാട്ടർചാർജ്ജ് പോലുള്ള അമിതമായ ചെലവുകൾ നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പൊതുടാപ്പുകളുടെ കൃത്യമായ കണക്കുകൾ വാട്ടർ അതോറിറ്റി അധികാരികളുമായി ചേർന്ന് തയ്യാറാക്കുന്നതിനും വാട്ടർചാർജ് കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ബി) വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

പശ്ചാത്തല മേഖലയുടെ വികസനത്തിനായി ഗ്രാമപഞ്ചായത്തിൽ അനേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ആസ്തികളുടെ വിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ചേർക്കുന്നതിനും കാലികമാക്കുന്നതിനും കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിനാൽ വർഷങ്ങളായി അപ്ഡേഷൻ നടന്നിട്ടില്ല. പുതിയതായി ആർജ്ജിക്കുന്ന ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ചേർത്ത് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തത് സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും ഭാഗത്തുള്ള അലംഭാവമായി ഓഡിറ്റിൽ വിലയിരുത്തുന്നു.

(സി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

കമ്മറ്റിയോഗങ്ങളിൽ വിവിധ പെൻഷൻ അനുവാദവും ലിസ്റ്റും മാത്രമാണ് പ്രധാന വിഷയമായി ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, അംഗൻവാടികളുടെ പ്രവർത്തനം, പാലിയേറ്റീവ് കെയർ ഉൾപ്പെടെയുള്ള വയോജനങ്ങൾക്കുള്ള പ്രൊജക്ടുകൾ എന്നിവയൊന്നും അവലോകനം ചെയ്യുകയോ തുടർനടപടികൾക്ക് പ്രാധാന്യം നൽകുകയോ ചെയ്യുന്നില്ല. ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയ്ക്ക് നൽകാറുമില്ല.സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ കാര്യക്ഷമമായ രീതിയിൽ ഇടപെടുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

(ഡി) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

ആശുപത്രികളുടെ അടിസ്ഥാന സൗകര്യം, ലൈബ്രറിയുടെ പ്രവർത്തനം, ഖരമാലിന്യ നിർമ്മാർജ്ജനം, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് എസ്.എസ്.എ-യുടെ പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

**6.** ഗ്രാമസഭ

എല്ലാ വാർഡിലും ഓഡിറ്റ് വർഷം നാല് പ്രാവശ്യം ഗ്രാമസഭ വിളിച്ചുകൂട്ടിയതായി മിനിറ്റ്സ് ബുക്കിൽ കാണുന്നു. എന്നാൽ വാർഡിന്റെ പൊതുവായ വികസനത്തിന് സഹായകരമാകുന്ന യാതൊരു ചർച്ചകളും തീരുമാനങ്ങളും ഗ്രാമസഭയിൽ ഉണ്ടാകുന്നില്ല എന്ന് വ്യക്തമാണ്. ഗ്രാമസഭയുടെ ദൗത്യം കേവലം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എന്ന് ഒറ്റ കാര്യത്തിലേക്ക് മാറിയിട്ടുള്ളതാണ്.

**7.** വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകൾ തന്നെയാണ് വീണ്ടും വീണ്ടും ആവിഷ്കരിക്കുന്നത്. പഞ്ചായത്തിൽ നിയമാനുസൃതമുള്ള പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി നിഷ്ക്രിയമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും കേവലം

പേരിന് മാത്രമാണ് യോഗം കൂടുന്നത്. 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട 15.4.17, 2.6.17 എന്നീ തീയതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. ഒരു വർക്കിംഗ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും പങ്കെടുത്ത ഒരു യോഗം പോലും ഇല്ല. വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉയർന്ന വന്ന ആശയങ്ങൾ വർക്കിംഗ് ഗ്രൂപ്പുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയുടെ മാത്രമാണ്. ഈ ആശയങ്ങളിൽ പലതും പദ്ധതി രൂപീകരണത്തിൽ പ്രതിഫലിക്കപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽ നിയന്ത്രണമുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയത്തിൽ ഉദാസീനമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ പൂർണ്ണമായി പ്രവർത്തനസജ്ജമാകുകയും പഞ്ചായത്തിന്റെ പദ്ധതി രൂപീകരണ, നിർവ്വഹണ പ്രക്രിയയിൽ മുഖ്യ പങ്ക് വഹിക്കുകയും ചെയ്യേണ്ടതാണ്.പ്രൊജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.8.18-18.8.18 | 6/2018 | 18.7.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.9.17-28.9.17 | 2012-13 മുതൽ 2016-17 വരെ | 6.11.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ ചുവടെ പറയുന്ന അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല-

1. വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവ്വീസ് ടാക്സ് എന്നീ ഇനങ്ങളിൽ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക തുക 2017-18 വർഷം സഞ്ചയ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

2. Treasury Own Fund-VPFA-1(3) അക്കൗണ്ടിൽ മുൻബാക്കിയായും തൻവർഷത്തെ നീക്കിയിരിപ്പായും 82928 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ ഒരു അക്കൗണ്ട് നിലവില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2017-18 സാമ്പത്തികവർഷം അസി.എഞ്ചിനീയർക്ക് ടെൻഡർ ഫോറം വില്പനയുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി 38832, 38837 നമ്പരുകളിലുള്ള 2-രസീതുബുക്കുകൾ അനുവദിച്ച നൽകിയിരുന്നു. ആയതിൽ 17.04.17-ൽ അനുവദിച്ചുനൽകിയ 38832-നമ്പർ ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ബുക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.9 തീ:13.11.17) നല്കിയെങ്കിലും ബുക്ക് ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പരിശോധനയ്ക്കായി ഹാജരാക്കിയ കളക്ഷൻ രജിസ്റ്ററിൽ ബുക്ക് നം.38832-ലെ 1 മുതൽ 100 വരെയുള്ള രസീതുകൾ പ്രകാരമുള്ള കളക്ഷൻ തുക രേഖപ്പെടുത്തുകയും ആയത് പഞ്ചായത്തിൽ അടച്ച രസീതുകൾ പതിയ്ക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ രസീതുബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും പഞ്ചായത്തിൽ തുക സ്വീകരിച്ച ക്ലർക്ക് രസീത്ബുക്കിലെയും കളക്ഷൻ രജിസ്റ്ററിലെയും തുകകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാലും രസീത്ബുക്കുകൾ പ്രകാരമുള്ള മുഴുവൻ തുകയും പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. രസീത് ബുക്കുകൾ ദുരുപയോഗം ചെയ്യപ്പെട്ടിരിക്കാനുള്ള സാധ്യതയും ഓഡിറ്റ് വിലയിരുത്തുന്നു.

രസീത് ബുക്കുകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്തപക്ഷം ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടം പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-2 വിവരസാങ്കേതിക വകുപ്പിന്റെ "Right of Way" അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി

വടശ്ശേരിക്കര പഞ്ചായത്തിൽ അരീക്കാവ് മുതൽ പേഴുംപാറ ഐഡിയ ടവർ വരെയുള്ള റോഡിൽ 2.1 KM -ഉം പേഴുംപാറ ജംഗ്ഷൻ മുതൽ പേഴുംപാറ ഐഡിയ ടവർ വരെയുള്ള റോഡിലും മാർക്കറ്റ് റോഡിലുമായി 3.46 KM -ഉം. ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് റിലയൻസ് ജിയോയ്ക്ക് 11.07.2017-ൽ പഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. റോഡ് റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ 2282192/-രൂപ ഈടാക്കിയതിനുശേഷമാണ് അനുമതി ലഭ്യമാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ ദേശീയപാത, പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ് മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയുടെ അധികാരപരിധിയിലുള്ള റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് ടെലികോം കമ്പനികൾക്ക് സംസ്ഥാന വിവരസാങ്കേതിക വകുപ്പിൽ നിന്നുള്ള "Right of Way" അനുമതി ആവശ്യമാണ്. വടശ്ശേരിക്കര പഞ്ചായത്തിലെ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് "Right of Way" അനുമതി ലഭിച്ചതിന്റെ വിവരങ്ങൾ റിലയൻസ് ജിയോ ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീ:14.11.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് "Right of Way" അനുമതി നൽകുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 15.09.2015-ലെ ജി.ഒ.(എം.എസ്.)നം.39/2015/ITD ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ROW അനുമതിയ്ക്കുവേണ്ടി കമ്പനി കിലോമീറ്ററിന് 75000/-രൂപ നിരക്കിൽ ഒറ്റത്തവണ വിഹിതം സർക്കാരിൽ അടയ്ക്കുകയും മീറ്ററിന് 50/- രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി നൽകേണ്ടതുമാണ്. കൂടാതെ സർക്കാരുമായി കമ്പനി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുമാണ്. എഗ്രിമെന്റ് തീയതി മുതൽ 15-വർഷം അല്ലെങ്കിൽ കമ്പനിയുടെ ലൈസൻസ് കാലാവധി അവസാനിക്കുന്നതുവരെ ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ മാത്രമാണ് ROW അനുമതിയ്ക്ക് പ്രാബല്യമുള്ളത്.

ROW അനുമതി നേടുന്ന കമ്പനി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ കടന്നുപോകുന്ന റൂട്ടിൽ നിന്നും 2KM റോഡ് ദൂരത്തിലുള്ള ജില്ലാ, ബ്ലോക്ക് , താലൂക്ക് കേന്ദ്രങ്ങളിൽ എഗ്രിമെന്റ് കാലയളവിലുടനീളം നിശ്ചിത സ്പീഡിലുള്ള സൗജന്യ ബാൻഡ്‌വിഡ്ത്ത് അനുവദിക്കേണ്ടതുമാണ്.

വടശ്ശേരിക്കര പഞ്ചായത്തിലെ 5.56 KM ദൈർഘ്യമുള്ള റോഡുകളിൽ ROW അനുമതിയില്ലാതെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുക വഴി ഒറ്റത്തവണ വിഹിതമിനത്തിൽ സർക്കാരിനു ലഭിക്കേണ്ടതായ 417000/-രൂപ (5.56x75000) നഷ്ടപ്പെടുകയുണ്ടായി. കമ്പനി ലഭ്യമാക്കേണ്ടതായ സൗജന്യ സേവനങ്ങളും ലഭിച്ചില്ല. ആയതിന് സെക്രട്ടറി വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ പൂർണ്ണമായി സ്ഥാപിച്ച കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ നിയമപ്രകാരം ആവശ്യമായിരുന്ന ROW സർക്കാരിൽ നിന്നും വാങ്ങി ഹാജരാക്കുന്നതിന് കമ്പനിയ്ക്ക് നിർദ്ദേശം നൽകേണ്ടതും ഹാജരാക്കാത്തപക്ഷം നിയമപ്രകാരമുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാവുങ്കൽ ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിന്റെ ക്വാറിയിലും ക്രഷൽ യൂണിറ്റിലുമായി 24- പേർ ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത ജീവനക്കാരുടെ 2017-18 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓരോ അർദ്ധവർഷവും തുടർച്ചയായോ അല്ലാതെയോ 60-ദിവസമെങ്കിലും ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്തിട്ടുള്ളവർ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്.

ജീവനക്കാരുടെ ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടങ്ങിയ പത്രിക ഫോം.1-ൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് നോട്ടീസ് നൽകേണ്ടതും ആയതുപ്രകാരം നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി ചുമത്തി ഈടാക്കുകയും ചെയ്യേണ്ടതാണ്. നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ പാലിക്കുന്നില്ലെങ്കിൽ ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷാനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-4 ചട്ടങ്ങൾ പാലിക്കാതെ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് അനുവദിച്ചു

വി.ഒ.എബിമോൻ, വയലിൽ വീട്, ചെറുകുളഞ്ഞി പി.ഒ. എന്നയാൾക്ക് കോഴി ഫാം (മോഡേൺ പൗൾട്രി ഫാം) നടത്തുന്നതിന് B-3/134/2017 നമ്പരായി ലൈസൻസ് നൽകിയിട്ടുണ്ട്. 2500- പക്ഷികളെ വളർത്തുന്നതിനാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 39.76 Are (98.24 Cent) വിസ്തൃതിയിലുള്ള ഭൂമിയിലാണ് ടിയാൻ ഫാം സ്ഥാപിച്ചിട്ടുള്ളത്. 2012-ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം കോഴി ഫാം സ്ഥാപിക്കുന്നതിനോ നടത്തിക്കൊണ്ടുപോകുന്നതിനോ ആവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തൃതി 15-എണ്ണത്തിന് 1-സെന്റ് എന്ന നിരക്കിലാണ്. അതുപ്രകാരം 2500- പക്ഷികളെ വളർത്തുന്നതിന് 166.66- സെന്റ് ഭൂമി ആവശ്യമാണ്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ള 01.02.2016-ലെ ICO/PTA/1458/R1/2016 -നമ്പർ കൺസെന്റിൽ 210 -കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ചട്ടപ്രകാരം ആവശ്യമുള്ള ഭൂവിസ്തൃതി ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. അപേക്ഷയിൽ വളർത്താൻ ഉദ്ദേശിക്കുന്ന കോഴികളുടെ എണ്ണം 2500 എന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും സ്ഥലത്ത് പോയി നടത്തിയ അന്വേഷണത്തിൽ 250-ൽ താഴെ കോഴികൾ മാത്രമേ ഫാമിൽ ഉള്ളൂ എന്ന്ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ചതെന്ന് ആഡിറ്റ് എൻക്വയറിയ്ക്ക് (14/16.11.18) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും നൽകിയ ലൈസൻസിൽ വളർത്താവുന്ന കോഴികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ആയത് മൂലം ലൈസൻസ് ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. ഭാവിയിൽ ഇത്തരം ലൈസൻസുകൾ ചട്ടങ്ങൾ പാലിച്ചുകൊണ്ട് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും ചട്ട പ്രകാരമുള്ള രജിസ്ട്രേഷൻ/റിന്യൂവൽ സർട്ടിഫിക്കറ്റ് നൽകുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പുതിയ രജിസ്ട്രേഷൻ/റിന്യൂവൽ- ആയി നിർദ്ദിഷ്ട ഫോമിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്ക് കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ 1997 പ്രകാരം ഫോം 3- ൽ രജിസ്ട്രേഷൻ/റിന്യൂവൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് പകരം ഡി&ഓ ലൈസൻസാണ് അനുവദിച്ചിട്ടുള്ളത്.

| ക്രമ.നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നം./കെട്ടിട നം. |
|---|---|---|
| 1 | പെർഫെക്റ്റ് ഡയഗനോസ്റ്റിക് സെന്റർ | 6/312 |
| 2 | ഡോക്ടേഴ്സ് ഡയഗനോസ്റ്റിക് സെന്റർ, | 4/978 |
| 3 | വിഷ്ണു മെഡിക്കൽ ലബോറട്ടറി | 4/290 |
| 4 | ലൈഫ് ലബോറട്ടറി സെന്റർ | 14/602 |
| 5 | ആഷിഷ് മെഡിലാബ് | 10/37 |
| 6 | ഡോ.താജി വിശാഖ്, ഡെന്റൽ ക്ലിനിക്ക് | 4/980 |
| 7 | ശ്രീഅയ്യപ്പ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ | 12/640-748 |

പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കുവാൻ കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ ആവശ്യമാണ്. ആയതു പ്രകാരം രജിസ്ട്രേഷൻ/റിന്യൂവലിനായി നിർദ്ദിഷ്ട ഫോമിൽ അപേക്ഷ സമർപ്പിച്ചവർക്ക് ചട്ടപ്രകാരമുള്ള സർഫിക്കറ്റിനു പകരം ഡി & ഒ ലൈസൻസ് നൽകിയത് ചട്ടവിരുദ്ധമാണ്. ആയതിന് സെക്രട്ടറി വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ സെക്രട്ടറിയും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നടത്തിപ്പ് - അവലോകനം

വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത 218 പദ്ധതികളിൽ 168 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി ചെലവ് 61 ശതമാനമാണ്. പത്തനംതിട്ട ജില്ലയിൽ പദ്ധതി ചെലവ് ശതമാനത്തിൽ 53 പഞ്ചായത്തുകളിൽ നാല്പതാം സ്ഥാനം മാത്രമായിരുന്നു. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പദ്ധതി വിഭാവനം ചെയ്യണമെന്ന എന്ന തത്വം പാലിക്കപ്പെട്ടിട്ടില്ല. പശ്ചാത്തല മേഖലയിലെ എല്ലാ പ്രൊജക്ടുകളും വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്.

*<u>ഉത്പാദന മേഖല</u>*

പദ്ധതി തുക വകയിരുത്തലിന്റെ 14.71 ശതമാനവും ആകെ പദ്ധതി ചെലവിന്റെ 10.42 ശതമാനമാണ് ചെലവ് നടന്നിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണം,ക്ഷീരവികസനം എന്നീ മേഖലകളിൽ മാത്രമാണ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയത്. വ്യവസായം, മണ്ണ്സംരക്ഷണം, ജലസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾ പൂർണ്ണമായി അവഗണിക്കപ്പെട്ടു. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഏകദേശം 8 ഹെക്ടറോളം തരിശ് ഭൂമിയുള്ളത് കൃഷി യോഗ്യമാക്കുന്നതിന് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ നിർദ്ദേശിച്ച ക്ലബ് കൃഷി, കെടായ തെങ്ങ് മുറിച്ച്മാറ്റുക, കരനെൽ കൃഷി പ്രോത്സാഹനം, കാർഷിക വിപണന കേന്ദ്രം ആരംഭിക്കുക എന്നിവ നടപ്പിലാക്കിയിട്ടില്ല. തെങ്ങുകയറ്റം യന്ത്രം വാങ്ങൽ, ജലസേചന പമ്പ്സെറ്റ് വാങ്ങുന്നതിന് ധനസഹായം, മഞ്ഞൾ കൃഷി, കുരുമുളക് കൃഷി എന്നീ കർഷകർക്ക് പ്രയോജനപ്രദമായ പദ്ധതികൾ തുടർ വർഷങ്ങളിലും നടപ്പിലാക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ടിലെ വികസന കാഴ്ചപ്പാടിന് അനുസൃതമായി പാലുൽപ്പാദനത്തിലും, മുട്ട ഉത്പാദനത്തിലും സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കാൻ കന്നുക്കുട്ടി പരിപാലനം,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കറവപശുകൾക്ക് കാലിത്തീറ്റ, മുട്ടക്കോഴി വളർത്തൽ എന്നീ നല്ല പദ്ധതികൾ

നടപ്പിലാക്കിയിട്ടുണ്ട്. ചെറുകിട വ്യവസായ രംഗത്ത് വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ഉയർന്ന വന്ന ചെരുപ്പ്, കുട, ബാഗ്, തുണി സഞ്ചി, പേപ്പർ ക്യാരി ബാഗ് എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഒന്നും ഉണ്ടാക്കാത്തത് മേഖലയോടുള്ള പഞ്ചായത്തിന്റെ അവഗണനയെ സൂചിപ്പിക്കുന്നു.

*സേവനം*

പദ്ധതി തുക വകയിരുത്തലിന്റെ 25.74 ശതമാനവും ആകെ പദ്ധതി ചെലവിന്റെ 27.86 ശതമാനമാണ് ചെലവ് നടന്നിട്ടുള്ളത്. വിദ്യാഭ്യാസ രംഗത്ത് കാര്യമായ പദ്ധതികൾ ഒന്നും തന്നെ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടറുകൾ എന്നിവ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങളിൽ ഒതുങ്ങി. രണ്ട് സ്കൂളുകളിൽ അടുക്കള നിർമ്മിച്ചത് പ്രശംസനീയമാണ്. കല/കായിക രംഗത്തും സ്പോർട്ട്സ് കിറ്റ് എന്ന് പ്രൊജക്ട് മാത്രമാണ് നടപ്പിലാക്കിയത്. പാലിയേറ്റീവ് പരിചരണം, ജീവിത ശൈലി രോഗ നിർണ്ണയ ക്യാമ്പുകൾ, ഹോമിയോ ആശുപത്രിയുടെ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് ആരോഗ്യ മേഖലയിലെ പഞ്ചായത്തിന്റെ അനുകൂലമായ നിലപാടിന്റെ ഉദാഹരണമാണ്, എന്നാൽ പി.എച്ച്.സിയിൽ ലാബ് സൗകര്യം ഏർപ്പെടുത്തുക (കെട്ടിടം പണിതിട്ടുണ്ട്), കിടത്തി ചികിത്സ ആരംഭിക്കുക എന്ന ആവശ്യങ്ങൾക്ക് പഞ്ചായത്ത് ശ്രദ്ധ നൽകിയിട്ടില്ല. മരുന്ന് വാങ്ങൽ പദ്ധതികൾക്കാണ് ആരോഗ്യ മേഖലയിൽ പഞ്ചായത്ത് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്. വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണത്തിന് ആസൂത്രണം ചെയ്ത 1200000/- രൂപ അടങ്കലുള്ള പദ്ധതി നടപ്പിലാക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. കടുത്ത ജല ദൗർലഭ്യമുള്ള പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി വഴി മഴക്കുഴി നിർമ്മാണത്തിനും കിണർ റിചാർജ്ജിംഗിനും ആവശ്യമായ പരിഗണന നൽകി പ്രവൃത്തികൾ ചെയ്തത് പ്രശംസനീയമാണ്. ഗാർഹിക കുടിവെള്ള പദ്ധതികൾ കൂടി നടപ്പിലാക്കാൻ പഞ്ചായത്തിന്റെ ശ്രമമുണ്ടാകേണ്ടതാണ്.

*പശ്ചാത്തല മേഖല*

പദ്ധതി തുക വകയിരുത്തലിന്റെ 49.55 ശതമാനവും ആകെ പദ്ധതി ചെലവിന്റെ 61.72 ശതമാനമാനവും ചെലവ് നടന്നിട്ടുള്ള പശ്ചാത്തല മേഖലയിലാണ് പഞ്ചായത്ത് ഏറ്റവും കൂടുതൽ ശ്രദ്ധിച്ചിട്ടുള്ളത്. ഇതിൽ ഭൂരിഭാഗവും വാർഡ് അടിസ്ഥാനത്തിലുള്ള റോഡ് നിർമ്മാണം, റോഡ് അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തികളാണ്. പഞ്ചായത്തിന് ടോയിലറ്റ്, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നീ പദ്ധതികൾ പോലും തൻവർഷം ഉപേക്ഷിച്ചു. നിലവിലെ ഷോപ്പിംഗ് കോംപ്ലക്സിന് ആവശ്യമായ മെയിന്റനൻസ് നടത്തുക, ബസ് സറ്റാന്റ് നിർമ്മിക്കുക, ആധുനിക അറവുശാല നിർമ്മിക്കുക എന്ന പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടുവെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്ത് വിമുഖത കാണിച്ചു.

പശ്ചാത്തല മേഖലയ്ക്ക് അമിതമായ പ്രാധാന്യം നൽകി സേവന, ഉത്പാദന മേഖലകളെ തഴയുന്ന സമീപനം ആശാവഹമല്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി, സ്ഥിരം സമിതികൾ, ഉദ്യോഗസ്ഥർ എന്നിവർ ഇടപ്പെടുകയും പഞ്ചായത്തിന്റെ സന്തുലിതമായ വികസനം സാദ്ധ്യമാകേണ്ടതാണ്.

## 3-2 ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ വീഴ്ച

2017-18 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായത് **62798798**രൂപയാണ്. എന്നാൽ ചെലവഴിച്ചത്**53209973** രൂപ മാത്രമാണ്. ലഭ്യമായ തുകയുടെ **84.73%**. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 19-09-2015 ലെ ജി.ഒ (പി) നം-419/2015/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇപ്രകാരം **9588825** രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

| ഫണ്ടിനം | 2017-18 വർഷത്തെ ബജറ്റ് അലോക്കേഷൻ | സംസ്ഥാന സർക്കാർ അനുവദിച്ച തുക | റസിപ്റ്റ് & പെയ്മെന്റ് പ്രകാരം ചെലവ് | ചെലവ് ശതമാനം | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 15984000 | 15984000 | 10270130 | 64.25 | 5713870 |
| വികസന ഫണ്ട്- എസ്.സി.പി | 5077000 | 5073900 | 5071952 | 99.96 | 1948 |
| വികസന ഫണ്ട്- റ്റി.എസ്.പി | 247000 | 246899 | 152325 | 61.70 | 94574 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8026000 | 6688120 | 4503050 | 67.33 | 2185070 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 28349000 | 28349000 | 28192974 | 99.45 | 156026 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 3487000 | 3487000 | 2187355 | 62.73 | 1299645 |
| ലോകബാങ്ക് സഹായം | 0 | 2969879 | 2832187 | 95.36 | 137692 |
| ആകെ | | **62798798** | **53209973** | **84.73** | **9588825** |

പ്രസ്തുത സാഹചര്യത്തിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. 2017-18 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ട്- എസ്.സി.പി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച സാഹചര്യത്തിൽ അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ 6പ്രോജക്ടുകൾക്ക് തുക (495956 രൂപ) ചെലവഴിക്കാൻ കഴിയാതെ വന്നു. ആയതിനാൽ ടി പ്രോജക്ടുകൾ സ്പിൽ ഓവറാക്കുകയും 2018-19 വർഷത്തെ പദ്ധതി വകയിരുത്തലിൽ നിന്നും തുക കണ്ടെത്തേണ്ടതായും വന്നു. ഇത് മൂലം 2018-19 വർഷത്തെ എസ്.സി.പി പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട് ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനുമായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | വകയിരുത്തിയ തുക (സ്പിൽ ഓവർ ഉൾപ്പെടെ) | | | | ആകെ | ചെലവഴിച്ച തുക (സ്പിൽ ഓവർ ഉൾപ്പെടെ) | | | | ആകെ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| | വികസന ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ് & നോൺ റോഡ്) | ലോകബാങ്ക് സഹായം | | വികസന ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ് & നോൺ റോഡ്) | ലോകബാങ്ക് സഹായം | | |
| കൃഷി ഓഫീസർ | 1699750 | | | | **1699750** | 642550 | | | | **642550** | **38%** |
| വെറ്ററിനറി സർജൻ | 2474000 | 116294 | | 350000 | **2940294** | 614750 | 57150 | 168825 | | **840725** | **29%** |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 845400 | | | 150000 | **995400** | 627970 | | 150000 | | **777970** | **78%** |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | | 200000 | | **200000** | | | 200000 | | **200000** | **100%** |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | | 350000 | | **350000** | | | 350000 | | **350000** | **100%** |
| വി.ഇ.ഒ | 5593000 | | | | **5593000** | 3566000 | | | | **3566000** | **64%** |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2665150 | 139076 | 25000 | | **2829226** | 1799961 | 99971 | 18954 | | **1918886** | **68%** |
| സെക്രട്ടറി | 1980656 | 9753019 | 100000 | | **11833675** | 1176573 | 4345929 | 0 | | **5522502** | **47%** |
| എച്ച്.എം | 816000 | | 130000 | | **946000** | 745240 | | | | **745240** | **79%** |
| അസ്സിസ്റ്റന്റ് എഞ്ചിനീയർ | 4644685 | | 41079293 | 2969879 | **45723978** | 4194714 | | 29492550 | 2832187 | **36519451** | **80%** |
| ഡി.എഫ്.ഐ | 700000 | | | | **700000** | 700000 | | | | **700000** | **100%** |
| അസ്സി-സെക്രട്ടറി | 2386085 | 90150 | | | **2476235** | 1426649 | | | | **1426649** | **58%** |
| | | | | | **76287558** | | | | 2832187 | **53209973** | **70%** |

കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ വകയിരുത്തിയ തുകയുടെ 50%- ത്തിൽ താഴെ തുക മാത്രമാണ് ചെലവഴിച്ചത്. കൃഷി,മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രോജക്ടുകളിലായി ധാരാളം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവെങ്കിലും പദ്ധതികളൊന്നും തന്നെ നടപ്പിലായില്ല. മതിയായ തുക ഈടാക്കാത്തതിനാൽ ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥായ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം 2017 ഒക്ടോബർ മാസം വരെ മാത്രമെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകാൻ സാധിച്ചുള്ളൂ. കൂടാതെ അവശ്യമായ ഫണ്ട് ഇല്ലാതിരുന്നതിനാൽ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം അർഹരായവർക്ക് പൂർണ്ണമായ സഹായം നൽകാൻ സാധിച്ചില്ല. പല പ്രോജക്ടുകളും പൂർണ്ണമായി നടപ്പിലാകാതെ ഉപേക്ഷിക്കുന്ന സാഹചര്യത്തിലാണ് ഇപ്രകാരമുള്ള പൂർണ്ണമായ തോതിൽ നിർവ്വഹണം നടത്താതിരിക്കുന്നത്.

ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ലാപ്സാകുന്ന സാഹചര്യത്തിൽ പദ്ധതിപ്പണം പൂർണ്ണമായും ചെലവഴിക്കപ്പെടുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപ്പിലാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ചമ്പോൺ - ബ്രദർമുക്ക് റോഡിൽ സംരക്ഷണഭിത്തി നിർമ്മാണം - അധികപ്രതിഫലം നൽകി

നാലാം വാർഡിൽ ചമ്പോൺ - ബ്രദർമുക്ക് റോഡിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി തൻവർഷം പദ്ധതി നടപ്പാക്കിയിരുന്നു. റോഡിതര മെയിന്റനൻസ് ഗ്രാന്റിനത്തിൽ 371000 രൂപ അടങ്കൽ വകയിരുത്തി തൻവർഷം അംഗീകാരം വാങ്ങിയ പദ്ധതിക്കായി (പ്രോജക്ട് നംപർ SO 65/17-18) ലഭിച്ച ടെണ്ടറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|
| കെ.എൽ.ഗോപി | 13.5 % കുറവ് |
| എം.എ.സാബു | 15.2 % കുറവ് |

ഇതിൽ കുറവ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. എം.എ.സാബുവിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപിച്ചു. 27 മീറ്റർ നീളത്തിൽ 3 മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് നടപ്പാക്കിയ പ്രവൃത്തിയുടെ ആകെ മൂല്യം 362386 രൂപയാണ്.(ബിൽ നമ്പർ 16തീയതി 24.5.2018) പ്രവൃത്തിക്കായി കരാറുകാരന് ചുവടെ പറയുന്ന പ്രകാരം അധിക പ്രതിഫലം നൽകിയിട്ടുണ്ട്.

| കരാറുകാരന് പ്രതിഫലം നൽകിയത് | പ്രതിഫലം നിർണ്ണയിക്കേണ്ടത് | അധികം നൽകിയ തുക |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം 362386 | 362386 | |
| (-) 13.5 % Tender deduction<br>48922 | (-) 15.2 % Tender Deduction<br>55083 | |
| 313464 | 307303 | |
| (-) Income Tax 3135 | 3073 | |
| (-) KCWWF 3135 | 3073 | |
| 307194 | 301157 | 6037 |

അധികം നൽകിയ 6037 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-4 പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| പ്രോജക്ട് നം. | S0052/18 | | |
|---|---|---|---|
| വകയിരുത്തിയ തുക | 1000000/- (വികസന ഫണ്ട്-500000, ജില്ലാ പഞ്ചായത്ത് വിഹിതം-500000) | | |
| ചെലവഴിച്ച തുക | ബിൽ നം.01/17-18 തീ:14.08.17 | 118000 | 947970 |
| | ബിൽ നം.02/17-18 തീ:28.09.17 | 40500 | |
| | ബിൽ നം.03/17-18 തീ:27.11.17 | 59520 | |
| | ബിൽ നം.04/17-18 തീ:06.02.18 | 116220 | |
| | ബിൽ നം.07/17-18 തീ:02.03.18 | 35960 | |
| | ബിൽ നം.11/17-18 തീ:28.03.18 | 77770 | |
| | നടപടിക്രമം നം.194 തീ:30.01.18 | 400000 | |

| | | | |
|---|---|---|---|
| | നടപടിക്രമം നം.255 തീ:28.02.18 | 100000 | |

2017-18 വർഷം മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**a)** വാഹനച്ചെലവുകൾ എച്ച്.എം.സി. ഫണ്ട് മുഖേന നടത്തുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ആംബുലൻസ് വാഹനമാണ് (KL-03-S-6793) പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ഉപയോഗിച്ച് വരുന്നത്. പാലിയേറ്റിവ് കെയർ പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന, തദ്ദേശ സ്ഥാപനത്തിന്റെ വാഹനം എച്ച്.എം.സി.യുടെ പൂർണ്ണ ചുമതലയിലും ഉത്തരവാദിത്തത്തിലുമാണ് ഉപയോഗിക്കേണ്ടതെന്നും വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി.ഫണ്ടിൽ നിന്നും വഹിക്കേണ്ടതും പ്രസ്തുത ചെലവുകൾ എച്ച്.എം.സി അംഗീകരിക്കേണ്ടതുമാണെന്ന് സ.ഉ.(സാധാ.)നം.3217/2015/തസ്വഭവ തീ.:29.10.2015-ൽ നിഷ്കർഷിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശനത്തിനായി വാഹനം ഓടിയ ദിവസങ്ങളിലെ ഡ്രൈവറുടെ ദിവസ വേതന തുക, ഇന്ധനച്ചെലവ്, പാലിയേറ്റീവ് കെയർ ആവശ്യത്തിനുവേണ്ടി ഓടിയ കിലോമീറ്റർ ദൂരത്തിന് ആനുപാതികമായി മെയിന്റനൻസ് റിപ്പയർ ചെലവുകൾ എന്നിവ പാലിയേറ്റിവ് കെയർ പദ്ധതിയിൽ നിന്ന് എച്ച്.എം.സി.യ്ക്ക് നൽകാവുന്നതാണ്. പ്രസ്തുത തുകകൾക്ക് എച്ച്.എം.സി. രസീത് നൽകേണ്ടതും ആയത് വൗച്ചർ നമ്പരിട്ട് പാലിയേറ്റിവ് കെയർ പദ്ധതിയുടെ ചെലവ് രേഖകൾക്കൊപ്പം സൂക്ഷിക്കേണ്ടതുമാണ്. വടശ്ശേരിക്കര പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട വാഹനച്ചെലവുകൾ എച്ച്.എം.സി. ഫണ്ട് മുഖേനയല്ലാതെ പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ നിന്നും നേരിട്ടാണ് നടത്തിയിട്ടുള്ളത്. വാഹനം എച്ച്.എം.സി.യുടെ ചുമതലയിൽ അല്ലാത്തതുകൊണ്ടാണ് അപ്രകാരം സംഭവിച്ചതെന്ന് ആഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ:16.01.18) മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. പാലിയേറ്റിവ് കെയറിനുവേണ്ടിയോ ആംബുലൻസ് സർവ്വീസിനു വേണ്ടിയോ തദ്ദേശസ്വയംഭരണ സ്ഥാപനം വാങ്ങിയിട്ടുള്ളതോ ഈ ആവശ്യത്തിലേക്കായി സൌജന്യമായി ലഭിച്ചിട്ടുള്ളതോ ആയ വാഹനം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലും ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തിയശേഷം പാലിയേറ്റീവ് കെയർ ആവശ്യത്തിനും ആയതിന് മുടക്കം വരാത്ത രീതിയിൽ ആവശ്യമെങ്കിൽ ആംബുലൻസ് സർവ്വീസിനും ഉപയോഗിക്കുന്നതിന് തദ്ദേശസ്ഥാപനത്തിന്റെ പാലിയേറ്റിവ്കെയർ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കൺവീനർ ആയിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയ്ക്ക് കൈമാറേണ്ടതാണെന്ന് സ.ഉ.(സാധാ.)നം.3217/2015/തസ്വഭവ തീ.:29.10.2015-ൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ് എച്ച്.എം.സിയ്ക്ക് കൈമാറാൻ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാഹന ഉപയോഗം സംബന്ധിച്ച ചെലവുകൾ മാർഗ്ഗരേഖ പ്രകാരം മാത്രം നടത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

**b)** എച്ച്.എം.സി. ആംബുലൻസ് മാസത്തിലെ പകുതി ദിവസങ്ങളിലും വെറുതെ കിടക്കുന്നു

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന ആംബുലൻസ് വാഹനത്തിന്റെ (KL-03-S-6793) ലോഗ്ബുക്ക് പരിശോധിച്ചതിൽ നിന്നും വാഹനം എല്ലാ മാസവും 16 -ദിവസങ്ങൾ മാത്രമാണ് ഉപയോഗിക്കുന്നതെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട ഭവനസന്ദർശനങ്ങൾക്ക് മാത്രമായാണ് നിലവിൽ വാഹനം ഉപയോഗിക്കുന്നത്. ബാക്കിയുള്ള ദിവസങ്ങളിൽ വാഹനം ഉപയോഗിക്കാതെ കിടക്കുന്ന അവസ്ഥയാണുള്ളത്. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിക്കുന്ന വാടക നിരക്ക് ഈടാക്കിക്കൊണ്ട് പാലിയേറ്റീവ് കെയർ ഗൃഹസന്ദർശനം ഇല്ലാത്ത ദിവസങ്ങളിലും സമയങ്ങളിലും ആംബുലൻസ് സർവ്വീസായി വാഹനം ഉപയോഗിക്കാവുന്നതാണ്. എന്നാൽ അത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല. വാഹനം. എച്ച്.എം.സിയ്ക്ക് കൈമാറാൻ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പാലിയേറ്റീവ് ഗൃഹ സന്ദർശനം ഇല്ലാത്ത ദിവസങ്ങളിൽ വാഹനം വെറുതെ കിടക്കുന്ന അവസ്ഥ ഒഴിവാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ ആംബുലൻസ് സർവ്വീസായി ഉപയോഗിക്കുന്നതിന് എച്ച്.എം.സി.യുടെ ഭാഗത്തുനിന്നും നിന്നും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**c)** വാഹനത്തിൽ ഫുൾടാങ്ക് ഇന്ധനം നിറക്കുന്നില്ല.

പാലിയേറ്റിവ് കെയർ പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന വാഹനത്തിന്റെ(KL-03-S-6793) ലോഗ്ബുക്ക്, ഇന്ധനം നിറച്ചതിന്റെ വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും വാഹനത്തിൽ സ്ഥിരമായി 600/- രൂപയുടെ ഇന്ധനമാണ് നിറയ്ക്കുന്നതെന്ന് കാണാൻ സാധിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു വാഹനം ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും നിബന്ധനകളും സ.ഉ.(എം.എസ്) നം.170/07/തസ്വഭവ തീതയി:30.06.2007-ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ഓരോ തവണ ഇന്ധനം നിറയ്ക്കുമ്പോഴും ഫുൾടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിന് വാഹനത്തിന്റെ കസ്റ്റോഡിയനായ മെഡിക്കൽ ഓഫീസർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വാഹന ഉപയോഗം സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**d)** പാലിയേറ്റീവ് കെയർ വാർഷിക സംഗമം - അധികമായി തുക ചെലവഴിച്ചു

വടശ്ശേരിക്കര പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളുടെയും കുടുംബാംഗങ്ങളുടെയും വാർഷിക സംഗമം 08.12.2017 – ൽ നടത്തിയിരുന്നു. ആയതിന് 7350/-രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | ഇനം | ചെലവഴിച്ച തുക | ബിൽ നം. |
|---|---|---|---|
| 208/17-18 | Lunch | 6000/- | 4/17-18 തീയതി 6.2.2018 |
| 209/17-18 | Light refreshment | 1100/- | |
| 210/17-18 | Banner | 250 | |
| ആകെ | | 7350/- | |

വാർഷിക സംഗമങ്ങൾ ആർഭാടരഹിതമായി സംഘടിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ (സ.ഉ.(സാധാ.)നം.3217/2015/തസ്വഭവ തീ.:29.10.2015) നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷണച്ചെലവിനത്തിൽ ഓരോരുത്തർക്കും പരമാവധി 60/- രൂപ വീതവും സംഗമ നടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കാവുന്നതാണെന്നും കൂടുതൽ തുക വേണ്ടി വരുകയാണെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സംഗമവുമായി ബന്ധപ്പെട്ട ഭക്ഷണച്ചെലവിനത്തിൽ ആകെ7100/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹാജർ രേഖകൾ പ്രകാരം 79- ആളുകൾ മാത്രമാണ് പരിപാടിയിൽ പങ്കെടുത്തത്. 79 പേരുടെ ഭക്ഷണച്ചെലവിനത്തിൽ പരമാവധി 4740/- രൂപ മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ. ഒരാൾക്ക് 60/- രൂപയിൽ കൂടുതൽ ഭക്ഷണത്തിനായി ചെലവഴിക്കാൻ പാടില്ലായെന്ന് അറിയില്ലായിരുന്നെന്നും പരിപാടിയിൽ പങ്കെടുത്ത എല്ലാവരുടെയും ഹാജർ രേഖപ്പെടുത്താൻ സാധിച്ചില്ലായെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ:16.11.18) മറുപടിയായി നിർവ്വഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ആയത് ഓഡിറ്റിൽ അംഗീകരിക്കിന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ 2360/- രൂപ അധികമായി ചെലവഴിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി ചെലവഴിച്ച 2360/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം പരിപാടികൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനു നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

**e)** പാലിയേറ്റീവ് കെയർ വാളണ്ടിയർ പരിശീലനം- അധികതുക ചെലവഴിച്ചു

വടശ്ശേരിക്കര പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ വാളണ്ടിയർമാർക്ക് 09.12.2017-ൽ ഏകദിന പരിശീലനം സംഘടിപ്പിച്ചിരുന്നു. പരിശീലനത്തിന്റെ ചെലവുകൾക്കായി 12250/- രൂപ (ബിൽ നം.04/17-18 തീ.:06.02.18) ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | ഇനം | ചെലവഴിച്ച തുക | ബിൽ നം. |
|---|---|---|---|
| 211/17-18 | സൗണ്ട് സിസ്റ്റം, ജനറേറ്റർ ചാർജ്ജസ് | 2500 | 4/2017-18 തീയതി 6.2.2018 |
| 212/17-18 | ഹോണറേറിയം | 1000 | |

| | | | |
|---|---|---|---|
| 213/17-18 | Lunch | 6000 | |
| 214/17-18 | ബാനർ & പാഡ് | 850 | |
| 215/17-18 | പെൻ | 300 | |
| 216/17-18 | Light refreshment | 1900 | |
| ആകെ | | 12550 | |

ഹോംകെയർ സംവിധാനം നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുകയും പ്രവർത്തിച്ച് വരുകയും ചെയ്യുന്ന സന്നദ്ധപ്രവർത്തകർ ഉൾപ്പെടെയുള്ള ടീമംഗങ്ങൾക്കും കാലാകാലങ്ങളിൽ പുതുതായി ടീമിൽ ഉൾപ്പെടുത്തുന്നവർക്കും വർഷത്തിൽ ഒരു തവണ ഏകദിന തുടർപരിശീലനം തദ്ദേശസ്ഥാപനതലത്തിൽ നൽകേണ്ടതാണെന്നും പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ ഭക്ഷണച്ചെലവിനത്തിൽ ഓരോരുത്തർക്കും പരമാവധി 60/- രൂപ വീതവും പരിശീലനത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 2000/- രൂപയും ചെലവഴിക്കാവുന്നതാണെന്ന് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ (സ.ഉ.(സാധാ.)നം.3217/2015/തസ്വഭവ തീ.:29.10.2015) വ്യക്തമാക്കിയിട്ടുണ്ട്.

സംഗമവുമായി ബന്ധപ്പെട്ട ഭക്ഷണച്ചെലവിനത്തിൽ 7900/- രൂപയും പരിശീലനത്തിന്റെ മറ്റ് ചെലവുകൾക്കായി 4650/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഹാജർ രേഖകൾ പ്രകാരം 36- ആളുകൾ മാത്രമാണ് പരിപാടിയിൽ പങ്കെടുത്തത്. മാർഗ്ഗരേഖ പ്രകാരം, 36 പേരുടെ ഭക്ഷണച്ചെലവിനത്തിൽ പരമാവധി 2160/-(36x60) രൂപയും പരിശീലനത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 2000/- രൂപയും മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളു. ഭക്ഷണച്ചെലവിനത്തിൽ 5740/-രൂപയും മറ്റ് ചെലവുകൾക്കായി 2650/- രൂപയും അധികമായി ചെലവഴിച്ചിട്ടുണ്ട്. കൂടുതൽ ആളുകൾ പരിപാടിയിൽ പങ്കെടുത്തതായും എല്ലാവരുടെയും ഹാജർ രേഖപ്പെടുത്താൻ സാധിച്ചില്ലായെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ:16.11.18) മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കിന്നില്ല. പാലിയേറ്റിവ് പദ്ധതിയ്ക്കായുള്ള ഫണ്ട് വളരെ അത്യാവശ്യ കാര്യങ്ങൾക്ക് മിതവ്യയം പാലിച്ച് വിനിയോഗിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയുടെ ഖണ്ഡിക 2.7.1-ൽ പറഞ്ഞിട്ടുണ്ട്. 39-പേർ മാത്രം പങ്കെടുക്കുന്ന പരിപാടിയിൽ സൗണ്ട് സിസ്റ്റത്തിന്റെയും ജനറേറ്ററിന്റെയും ആവശ്യമില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അധികമായി ചെലവഴിച്ച 8390/- (5740+2650) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി തുക ചെലവഴിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തൃപതികരമായ വിശദീകരണം ലഭ്യമാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച്, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതുമാണ്. ഭാവിയിൽ ഇത്തരം പരിപാടികൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേമായി തുക ചെലവഴിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യുടെ നിരീക്ഷണവും ഈ വിഷയത്തിൽ ഉണ്ടാവേണ്ടതാണ്.

## 3-5 ശബരിമല ഗ്രാന്റ്- പൂർണ്ണമായും ചെലവഴിക്കപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ B-4 (Grants & Contribution for Specific Purposes) പ്രകാരം ശബരിമല ഗ്രാന്റിനത്തിൽ 3824951 രൂപ അവശേഷിക്കുന്നു.. 2011-12 സാമ്പത്തിക വർഷം മുതൽ ലഭിച്ച് തുടങ്ങിയ ടി ഗ്രാന്റിനത്തിൽ ഒരു വർഷവും ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| 2011-12 | - | 1500000 | 1500000 | 332856 | 1167144 |
| 2012-13 | 1167144 | 1500000 | 2667144 | 2518944 | 148200 |
| 2013-14 | 148200 | 1500000 | 1648200 | 1164053 | 484147 |
| 2014-15 | 484147 | 1500000 | 1984147 | 1378421 | 605726 |
| 2015-16 | 605726 | 2000000 | 2605726 | 861181 | 1744545 |
| 2016-17 | 1744545 | 2000000 | 3744545 | 1831368 | 1913177 |
| 2017-18 | 1913177 | 3500000 | 5413177 | 1588226 | 3824951 |

ഓഡിറ്റ് എൻക്വയറിക്ക് (10/13-11-2018) ലഭ്യമാക്കിയ മറുപടിയിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷത്തിൽ 3537179 രൂപ വകയിരുത്തി 10 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും പദ്ധതി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇത് പ്രകാരം ടി തുക പൂർണ്ണമായി വിനിയോഗിച്ചാൽ തന്നെ 287772 രൂപ അവശേഷിക്കും. കൂടാതെ നടപ്പ് മണ്ഡലകാലവുമായി ബന്ധപ്പെട്ട് (2018-19) ഗവൺമെന്റ് 35 ലക്ഷം രൂപ കൂടി ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് പുതിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം വൻതുക വീണ്ടും ശബരിമല ഗ്രാന്റിനത്തിൽ അവശേഷിക്കും.

ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനായിട്ടാണ് ഗവൺമെന്റ് എല്ലാ വർഷവും സ്പെഷ്യൽ ഗ്രാന്റിനത്തിൽ തീർത്ഥാടനവുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിക്കുന്നത്. ഇടത്താവളങ്ങളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും ടി തുക പൂർണ്ണമായും വിനിയോഗിക്കപ്പെടേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് വാങ്ങൽ–അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ശബരിമല പാതകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (153/18) |
| വകയിരുത്തിയ തുക | 400000 (ശബരിമല സ്പെഷ്യൽ ഫണ്ട്) |
| ചെലവഴിച്ച തുക | 379331 |
| ചെക്ക് നമ്പരും തീയതിയും | 8456115 തീയതി 28-02-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം, വാങ്ങൽ എന്നിവയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ടെണ്ടർ നടപടി പ്രകാരം തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ്, നാരങ്ങാനം എന്ന സ്ഥാപനത്തിൽ നിന്നുമാണ് സി.എഫ്.എൽ ലാമ്പ്, റ്റ്യൂബ്, കോപ്പർ ചോക്ക് , അലൂമിനിയം വയർ എന്നിങ്ങനെയുള്ള 379331 രൂപയുടെ ഇലക്ട്രിക് ഉപകരണങ്ങളുടെ വാങ്ങൽ നടത്തിയിട്ടുള്ളത്. 609 കോപ്പർ ചോക്കുകളാണ് ബിൽ (ബിൽ നം-1255/26-12-2017) പ്രകാരം വാങ്ങിയത്. എന്നാൽ സ്റ്റോക്കിൽ എടുത്ത് വിതരണം നടത്തിയിരിക്കുന്നത് 600 എണ്ണമാണ്. 9 കോപ്പർ ചോക്കുകൾ സ്റ്റോക്കിൽ എടുക്കുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല. ഒരു കോപ്പർ ചോക്കിന്റെ വില 163 രൂപയാണ്. സ്റ്റോക്കിൽ എടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാത്ത സാഹചര്യത്തിൽ 9 ചോക്കുകളുടെ വിലയായ 1467 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) എല്ലാ ശബരിമല തീർത്ഥാടന കാലത്തോടനുബന്ധിച്ചും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് വാങ്ങൽ നടത്താറുണ്ട്. എന്നാൽ ആയതിനായി ഒരു പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മുൻകാലങ്ങളിൽ വാങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളിൽ എത്രമാത്രം അവശേഷിക്കുന്നു എന്ന് ബോധ്യപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പൊതു സ്റ്റോക്ക് രജിസ്റ്ററിൽ തന്നെയാണ് ഇലക്ട്രിക് ഉപകരണങ്ങളുടെ വിവരവും രേഖപ്പെടുത്തിയിരിക്കുന്നത്.

3)2017-18 സാമ്പത്തിക വർഷം വാങ്ങൽ നടത്തിയ 379331 രൂപയുടെ ഇലക്ട്രിക് ഉപകരണങ്ങളുടെ വിവരം പൊതു സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നമ്പർ-65ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഉപകരണങ്ങൾ ഏതു തീയതിയിലാണ് സ്റ്റോക്കിലെടുത്തതെന്ന് എഴുതിയിട്ടില്ല. ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത സെക്ഷൻ ക്ലർക്ക് ഇനീഷ്യൽ

ചെയ്യുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ടി ഉപകരണങ്ങൾ ആർക്കാണ് വിതരണം ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ ബിൽ പ്രകാരമുള്ള സാധനങ്ങൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തെന്നോ വിതരണം ചെയ്തുവെന്നോ വ്യക്തമല്ല.

4)വാങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ ഗുണനിലവാരം ക്ഷമതയുള്ള സാങ്കേതിക വിദഗ്ധരെക്കൊണ്ട് ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ വർഷവും ഇലക്ട്രിക് ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തുന്ന സാഹചര്യത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

5) ഇലക്ട്രിക് ഉപകരണങ്ങൾ മെയിന്റനൻസ് നടത്തിയത് സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരുടെ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല. ആയതിനാൽ വാങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളിൽ എത്രമാത്രം ഉപയോഗിച്ച് മെയിന്റനൻസ് നടത്തി എന്ന് വ്യക്തമല്ല

ഓഡിറ്റ് എൻക്വയറിക്ക് (23/19-11-2018) ലഭ്യമാക്കിയ മറുപടിയിൽ 2018-19 സാമ്പത്തിക വർഷം മുതൽ തെരുവ് വിളക്കുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതാണെന്നും എത്രമാത്രം തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് നടത്തിയതായുള്ള കെ.എസ്.ഇ.ബി അധികൃതരുടെ സാക്ഷ്യപത്രം വാങ്ങുന്നതാണെന്നുമുള്ള മറുപടി അംഗീകരിക്കുന്നു. വാങ്ങിയ ഇലക്ട്രിക് ഉപകരണങ്ങൾ തങ്ങളുടെ വാർഡുകളിൽ ഉപയോഗിച്ചതായുള്ള ഭരണസമിതി അംഗങ്ങളുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. റിപ്പയറിംഗിനായി വാങ്ങിയ തെരുവ് വിളക്കുകളിൽ എത്രമാത്രം ഉപയോഗിച്ചുവെന്നുള്ള കെ.എസ്.ഇ.ബി അധികൃതരുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-7 കമ്പ്യൂട്ടർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ(78/18) |
| വകയിരുത്തിയ തുക | 400000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 331900 |
| ബിൽ നമ്പരും തീയതിയും | 11 തീയതി 31-10-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

പ്രസ്തുത പ്രോജക്ട് പ്രകാരം ഹൈപ്പർടെക് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് 331900 രൂപ ചെലവഴിച്ച് 9 കമ്പ്യൂട്ടറുകളും 1 പ്രിന്ററും വാങ്ങിയത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ജി.ഒ (എം.എസ്) 168/2007/ ത.സ്വ.ഭ.വ തീയതി 25-06-2007 പ്രകാരം ഡി.ജി.എസ് &ഡി യുടെ അംഗീകാരമുള്ള വെണ്ടർമാരിൽ നിന്നും ഐ.ടി വകുപ്പിന്റെ അംഗീകാരമുള്ള ടി.എസ്.പി (Total Solution Providers) വെണ്ടർമാരിൽ നിന്നും DGS&D നിരക്കിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാം. മൂന്നുവർഷ വാറന്റി, പിന്നീട് എ.എം.സി- നാലുവർഷത്തേക്ക് 4% നിരക്കിൽ, കേടായ വിവരം അറിയിച്ച് 4 മണിക്കൂറിനകം റിപ്പയറിംഗ് എന്നിവ ഉറപ്പുവരുത്തണം എന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു.

ഓഡിറ്റ് എൻക്വയറിക്ക് (26/19-11-2018) ലഭ്യമാക്കിയ മറുപടിയിൽ 2017-18 സാമ്പത്തിക വർഷം DGS&D നിരക്കിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകുന്ന യാതൊരു സ്ഥാപനവും ഇല്ലായിരുന്നുവെന്നും ആയതിനാലാണ് ഓപ്പൺ ടെണ്ടർ മുഖേന പർച്ചെയ്സ് നടത്തിയതെന്നുമുള്ള മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. മൂന്നു വർഷ വാറന്റി ഉറപ്പുവരുത്തിയെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കൂടാതെ എ.എം.സി- നാലുവർഷത്തേക്ക് 4% നിരക്കിൽ, കേടായ വിവരം അറിയിച്ച് 4 മണിക്കൂറിനകം റിപ്പയറിംഗ് എന്നിവ ഉറപ്പുവരുത്തിയുള്ള എഗ്രിമെന്റും ചമച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) ധന വകുപ്പിന്റെ സർക്കുലർ നം.86/2010/ഫിൻ തീ 24-09-2010 പ്രകാരം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണം.കൂടാതെ വ്യാജ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും സോഫ്റ്റ് വെയറുകളുടെ ലൈസൻസ് വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിക്കണം എന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു.

ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഹാർഡ് വെയറിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും സോഫ്റ്റ് വെയറുകളുടെ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുമില്ലായെന്നും ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നുമാണ് അറിയിച്ചത്. ഓഡിറ്റ് നിർദ്ദേശ പ്രകാരം സോഫ്റ്റ് വെയർ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3)ഗ്രാമപഞ്ചായത്തിൽ പുതിയതായി 9 കമ്പ്യൂട്ടറുകളാണ് വാങ്ങിയത്. സ്റ്റോക്ക് രജിസ്റ്ററിൽ ഇവയുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം വാങ്ങൽ നടത്തുന്ന സമയത്ത് ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടറുകളുടെ എണ്ണം, അവ ഉപയോഗിക്കുന്നതിന്റെ വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

4)ഗ്രാമപഞ്ചായത്തിൽ പുതിയതായി കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ IKM സ്പെസിഫിക്കേഷൻ ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. ഇപ്രകാരം IKM സ്പെസിഫിക്കേഷൻ പാലിച്ചിരുന്നോയോന്ന് IKM സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ IKM സ്പെസിഫിക്കേഷൻ ഉറപ്പുവരുത്തിയാണ് കമ്പ്യൂട്ടറുകളുടെ വാങ്ങൽ നടത്തിയതെന്നാണ് അറിയിച്ചത്. എന്നാൽ ഹൈപ്പർടെക് സിസ്റ്റംസ് സമർപ്പിച്ച ക്വട്ടേഷൻ IKM സ്പെസിഫിക്കേഷൻ പ്രകാരമുള്ളതെന്നാണ് IKM സർട്ടിഫൈ ചെയ്തിട്ടുള്ളത്. എന്നാൽ വാങ്ങിയ കമ്പ്യൂട്ടറുകൾ IKM സ്പെസിഫിക്കേഷൻ പ്രകാരമുള്ളതെന്ന് IKM അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11/11/2014-ലെ 74207/ഐ.ബി1/2013/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടറുകളുടെ എണ്ണം സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റുമാരെ ചുമതലപ്പെടുത്തിയിരുന്നു. ടി ഉത്തരവ് പാലിച്ചിട്ടില്ല.

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 331900 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർദ്ദേശങ്ങൾ പാലിച്ച് അവശ്യമായ രേഖകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 ദർഘാസ് പരസ്യം- ഒരേ പരസ്യങ്ങൾക്ക് രണ്ട് തവണ തുക നൽകി

മാതൃഭൂമി ദിനപ്പത്രത്തിൽ 29-10-2017-ൽ പ്രസിദ്ധീകരിച്ച രണ്ട് പരസ്യങ്ങൾക്ക് രണ്ടുതവണ ഗ്രാമപ്പഞ്ചായത്തിൽ നിന്നും തുക അനുവദിച്ച് നൽകി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ തെരുവ് വിളക്കുകൾക്ക് സാധനങ്ങൾ വാങ്ങൽ (84/18) എന്ന പ്രോജക്ടിന്റെ പുനർദർഘാസും പെരുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ദർഘാസുമായിരുന്നു പരസ്യങ്ങൾ.രണ്ടു പരസ്യങ്ങൾക്കുമായി ദിനപത്രത്തിൽ നിന്നുമുള്ള ബിൽ നം- 61149336 തീ 29-10-2017 പ്രകാരം 10353 (6800+3060+493-GST)രൂപയും തുടർന്ന് ബിൽ നം- 61149337 തീ 29-10-2017 പ്രകാരം ഇതേ പരസ്യങ്ങൾകകതന്നെ വീണ്ടും 10353 (6800+3060+493-GST) രൂപ കൂടി അനുവദിച്ച് നൽകി. രണ്ടു തുകകളും ബിൽ നം-22 തീ 2.3-11-2017 പ്രകാരം ദിനപത്രത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് ഉണ്ടായത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി(നം-28/21-11-2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത സാഹചര്യത്തിൽ അധികമായി അനുവദിച്ച് നൽകിയ 10353 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-9 പ്രോജക്ടുകളുടെ നിർവ്വഹണം പൂർണ്ണമായും പൂർത്തീകരിച്ചില്ല

2017-18 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണ മേഖലയിൽ കർഷകരെ സഹായിക്കുന്നതിനായി 6 പ്രോജക്ടുകളാണ് അംഗീകാരം വാങ്ങി നിർവ്വഹണം നടത്തിയത്. എന്നാൽ ഒരു പ്രോജക്ടിൽ പോലും പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കുകയോ എല്ലാ കർഷകർക്കും ആനുകൂല്യം നൽകുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിവരങ്ങൾ | വകയിരുത്തിയ തുക (വികസനഫണ്ട് | ചെലവഴിച്ച തുക | ആനുകൂല്യം നൽകേണ്ടിയിരുന്ന ഗുണഭോക്താക്കളുടെ | ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ |
|---|---|---|---|---|---|

| | | & മെയിന്റനൻസ് ഗ്രാന്റ്) | (വികസന ഫണ്ട് & മെയിന്റനൻസ് ഗ്രാന്റ്) | എണ്ണം | എണ്ണം |
|---|---|---|---|---|---|
| 1 | ആട് വളർത്തൽ (9/17-18) | 750000 | 162000 | 381 | 27 |
| 2 | മുട്ടക്കോഴി വളർത്തൽ (10/17-18) | 400000 | 223000 | 1067 | 223 |
| 3 | കന്നുകുട്ടി പരിപാലനം (11/17-18) | 500000 | 156250 | 36 | 30 |
| 4 | താറാവ് വളർത്തൽ (13/17-18) | 100000 | 7500 | 62 | 15 |
| 5 | ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റുകൾക്ക് ധനസഹായം (15/17-18) | 200000 | 30000 | 15 | 2 |
| 6 | ആട് വളർത്തൽ - SCP (16/17-18) | 180000 | 36000 | 36 | 6 |
| 7 | ആട് വളർത്തൽ - TSP (17/17-18) | 24000 | 0 | | |
| 8 | ചെറുകളഞ്ഞി മൃഗാശുപത്രിക്ക് റഫ്രിജറേറ്റർ, കമ്പ്യൂട്ടർ ,പ്രിന്റർ എന്നിവ വാങ്ങൽ (18/17-18) | 75000 | 74900 | | |
| 9 | പേവിഷബാധ നിയന്ത്രണം (80/17-18) | 20000 | 0 | | |
| 10 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (81/17-18) | 50000 | 50000 | | |
| 11 | മുട്ടക്കോഴി വളർത്തൽ -S/O(145 /17-18) | 416294 | 57150 | 150 | 127 |
| 12 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ ,പ്രിന്റർ എന്നിവ വാങ്ങൽ (220/17-18) | 75000 | 43925 | | |
| 13 | മൃഗാശുപത്രിക്ക് മേശ,കസേര, റാക്ക് എന്നിവ വാങ്ങൽ (221/17-18) | 150000 | 0 | | |
| | ആകെ | **2940294** | **840725** | **1747** | **430** |

വികസന ഫണ്ട് 2940294 രൂപ വകയിരുത്തിയപ്പോൾ ചെലവ് 840725 രൂപ മാത്രമാണ്. 28.59% മാത്രമാണ് പദ്ധതി ചെലവ്. വിവിധ പദ്ധതികളിലായി 1747 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ 430 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. 25 % -പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. ഏരോ വാർഡിലും പകുതിയലധികം കുടുംബങ്ങളും കാർഷിക മേഖലയിൽ പണിയെടുത്ത് ഉപജീവനം കണ്ടെത്തുന്ന ഒരു പ്രദേശമാണ് വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്. പന്നിശല്യം രൂക്ഷമായ ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പരിമിതികളുണ്ട്. ആയതിനാൽ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ഊന്നൽ കൊടുക്കുന്നതാണ് ഉത്തമം. ഗ്രാമപഞ്ചായത്തിലെ കർഷകരിൽ

ഭൂരിഭാഗവും കന്നുകാലി വളർത്തലിലാണ് ഏർപ്പെട്ടിരിക്കുന്നത്. പ്രസ്തുത സാഹചര്യത്തിലാണ് പദ്ധതി നടത്തിപ്പിലെ ഇപ്രകാരമുള്ളൊരു നിശ്ചലാവസ്ഥ. ഒരു പ്രോജക്ട് പോലും പൂർണ്ണമായി നടപ്പിലാക്കുന്നതിന് വെറ്ററിനറി സർജന് സാധിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അലംഭാവം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

നീർത്തട പരിപാലന മേഖലയിലെ വർക്കിംഗ് ഗ്രൂപ്പായ മൃഗസംരക്ഷണത്തിന്റെ ചുമതലയിലാണ് വെറ്റിറിനറി സർജൻ. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്ന് കാര്യക്ഷമമായ മോണിറ്ററിംഗ് ഉണ്ടാകാത്തതാണ് പദ്ധതി നടത്തിപ്പിലെ അലംഭാവത്തിന് കാരണം. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ കാര്യമായ ഇടപെടലുകൾ നടത്തുന്നില്ല. മൃഗസംരക്ഷണ മേഖലയുടെ വളർച്ചയ്ക്ക് ഉപയുക്തമാകുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ക്രീയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-10** വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം - പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം (39/17-18) |

| | |
|---|---|
| വകയിരുത്തിയ തുക | 240000 |
| ചെലവഴിച്ച തുക | 60000 |
| ബിൽ നമ്പരും തീയതിയും | 24/17-18 തീയതി 18-03-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

വനിതകൾക്ക് സ്വയം തൊഴിൽസംരംഭം ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിലേക്കായി ചെറുകിട വ്യവസായം എന്ന ഉപമേഖലയിൽ ഉൾപ്പെടുത്തി ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, തുണി സഞ്ചി നിർമ്മാണം ,തയ്യൽ യൂണിറ്റ്, റെഡിമെയ്ഡ് ഗാർമെന്റ്സ്, പലചരക്ക് യൂണിറ്റ്, ലോഷൻ നിർമ്മാണം , അച്ചാർ നിർമ്മാണം എന്നീ സംരംഭങ്ങൾ ആരംഭിക്കുന്ന വനിതകൾക്ക് 30000 രൂപ വീതം സബ്സിഡി നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ആയതിന് വിരുദ്ധമായി പശുവളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിന് രണ്ട് വനിതകൾക്ക് 30000 രൂപ വീതം സബ്സിഡി നൽകുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീമതി മായ.എം, പൂവത്തിങ്കൽ, വടശ്ശേരിക്കര, ശ്രീമതി ഉഷ.പി.എസ്, ഉഷസ്സ് ഭവൻ, ഇടക്കുളം പി.ഒ എന്നീ രണ്ട് വനിതകൾക്കാണ് പശുവളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിന് ധനസഹായം നൽകിയത്. 100000 രൂപ ബാങ്ക് ലോണും 30000 രൂപ സബ്സിഡി എന്നിങ്ങനെയായിരുന്നു പ്രവർത്തന മൂലധനം. ബായ്ക്ക് എൻഡഡ് സബ്സിഡിയായി 30000 രൂപ വീതം ഗുണഭോക്താക്കളുടെ ബാങ്ക് ലോൺ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. വെറ്റിറനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പശുവളർത്തലിനായി ഒരു പദ്ധതി നടപ്പാക്കാമെന്നിരിക്കെ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയ അപാകതയ്ക്ക് അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/13-11-2018) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടിൽ പറഞ്ഞിട്ടുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് വനിതകൾ മുന്നോട്ടുവരാത്ത സാഹചര്യത്തിലാണ് പശുവളർത്തൽ സംരംഭം ഏറ്റെടുത്ത് നടപ്പിലാക്കിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ ഭരണസമിതി, ജില്ലാ ആസൂത്രണസമിതി എന്നിവയുടെ അംഗീകാരമില്ലാതെ അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ ചെലവ് തുകയായ 30000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഗ്രാന്റ് ഇനങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ B-4 (Grants & Contribution for Specific Purposes) പ്രകാരം ചുവടെ പറയുന്ന ഇനങ്ങളിൽ ലക്ഷക്കണക്കിന് രൂപ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | 31-03-2018-ൽ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | Centrally Sponsored Scheme- ICDS | 1427951 |
| 2 | Fund for Transferred Inst-ST | 1027000 |
| 3 | Grant from Suchitwa Mission | 2516520 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ (ലെഡ്ജർ സഹിതം) ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ തുക അവശേഷിക്കുന്നത് സംബന്ധിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം-1 പ്രകാരം അവശേഷിക്കുന്ന 1427951 രൂപ യിൽ 800000 രൂപ 2018-19 വർഷത്തിൽ അനുപൂരക പോഷകാഹാര പരിപാടിക്ക് (പ്രോജക്ട് നം-3/18-19) നീക്കിവച്ചിരിക്കുന്നു എന്നാണ് അറിയിച്ചത്. എന്നാൽ വികസന ഫണ്ടിൽ 1000000 രൂപയും ബ്ലോക്ക് ,ജില്ലാ പഞ്ചായത്ത് വിഹിതവുമായി ടി പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്രവിഹിതവും ലഭ്യമാവും. പ്രസ്തുത സാഹചര്യത്തിൽ 1427951 രൂപ വിനിയോഗിച്ച് കെട്ടിടമില്ലാത്ത അങ്കണവാടികളുടെ നിർമ്മാണത്തിന് ടി തുക വിനിയോഗിക്കുന്നതാവും ഉത്തമം.

ക്രമ നം 2 പ്രകാരം ലഭ്യമായ 1027000 രൂപ പട്ടികവർഗ്ഗകോളനികളിൽ സംരക്ഷണഭിത്തി നിർമ്മാണം (പ്രോജക്ട് നം-160/18-19) എന്ന് പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. എന്നാൽ സംരക്ഷണഭിത്തി നിർമ്മാണം ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണം എന്ന് സർക്കാർ ഉത്തരവുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

ക്രമ നം 3 പ്രകാരം ലഭ്യമായ 2516520 രൂപ ഒ.ഡി.എഫ് പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിനിയോഗിച്ച തുക ജില്ലാ മിഷനിൽ നിന്നും തിരികെ ലഭിച്ച തുകയാണ്. ടി തുക 2018-19-ൽ 222/19,132/19 എന്നീ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട് എന്നാണ് ലഭ്യമാക്കിയ മറുപടി പ്രകാരം അറിയിച്ചത്. എന്നാൽ 132/19 മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ് വകയിരുത്തിയ പ്രോജക്ടാണ്. 222/19 എന്നൊരു പ്രോജക്ടിന് 2018-19 സാമ്പത്തിക വർഷം അംഗീകാരം കിട്ടിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി കൃത്യമല്ല. ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും ഗ്രാന്റിനത്തിൽ ലഭ്യമായ തുക ചെലവഴിക്കുന്നതിന് ഭരണസമിതി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-12 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചില്ല

2017-18 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി 2800349 രൂപ കെ.എസ്.ഇ.ബി യിലും 4 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി 1661180 രൂപ വാട്ടർ അതോറിറ്റി, പത്തനംതിട്ട ഡിവിഷനിലും അക്കൗണ്ട് ട്രാൻസ്ഫർ മുഖേന ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയത്തും പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പരും പേരും | ഡെപ്പോസിറ്റ് തുകയും ബിൽ നമ്പരും | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 1 | അരീക്കക്കാവ്- മണിയാർ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (208/18) | 945000<br>(26 തീ 19/2/2018 | കേരള വാട്ടർ അതോറിറ്റി |
| 2 | നിരവത്ത്പടി -കുമ്പളത്താമൺ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (210/18) | 85000<br>(27/18 തീ 19/2/18) | കേരള വാട്ടർ അതോറിറ്റി |
| 3 | വാളൂർ– കൈതതടത്തിൽ റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (206/18) | 281180<br>(36 & 37 തീ 28/2/18) | കേരള വാട്ടർ അതോറിറ്റി |
| 4 | പർവ്വതം- കറുകപതാലിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (205/18) | 350000<br>(40 തീ 15/03/2018) | കേരള വാട്ടർ അതോറിറ്റി |
| ആകെ | | **1661180** | |
| 5 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (75/18) | 2800349<br>(12 തീ 13/11/17- | കെ.എസ്.ഇ.ബി |

| | | | |
|---|---|---|---|
| | | 780750<br>10 തീ 31/10/17-1843199<br>19 തീ 12/01/18-176400) | |

കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികൾ എഗ്രിമെന്റ് പ്രകാരം 2018 ഡിസംബറിനകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഓഡിറ്റ് സമയത്തും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം ആരംഭിച്ചിട്ടില്ല. സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പ്രവത്തികൾക്കായി കെ.എസ്.ഇ.ബി യുടെ വടശ്ശേരിക്കര ഡിവിഷനിൽ 2623949 രൂപയും റാന്നി ഡിവിഷനിൽ 176400 രൂപയുമാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. എഗ്രിമെന്റ് പ്രകാരം 2018 ഏപ്രിൽ 30-നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഓഡിറ്റ് സമയത്തും പ്രവൃത്തി പൂർത്തീകരിക്കുകയോ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി-18 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ (മുൻവർഷങ്ങളിലേതുൾപ്പെടെ) 4255572 രൂപയുടെ പ്രവൃത്തികൾക്കും കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ (മുൻവർഷങ്ങളിലേതുൾപ്പെടെ) 5459428 രൂപയുടെ പ്രവൃത്തികൾക്കും വിനിയോഗ സാക്ഷ്യപത്രം കിട്ടാതെ അവശേഷിക്കുന്നു. ടി തുകകൾ ഡെപ്പോസിറ്റ് ചെയ്തത് ഏതൊക്കെ പ്രവൃത്തികൾക്കാണെന്നുള്ളത് ( പ്രോജക്റ്റ് നം, പേര്, നിർവ്വഹണ ഏജൻസി, ഡെപ്പോസിറ്റ് തുക) സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (19/19-11-18)നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ സംബന്ധിച്ച് ഒരു വിവരവും ലഭ്യമല്ല. ആയതിനാൽ ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-13 എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പർവ്വതം- കറുകപതാലിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (205/18) എന്ന പ്രവൃത്തിക്കായി 350000 രൂപയാണ് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന (40 തീ 15-03-2018) കേരള വാട്ടർ അതോറിറ്റി- പത്തനംതിട്ട ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തത്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം ( എസ്റ്റിമേറ്റ് നം-2018/775) 400000 രൂപയാണ് ഡെപ്പോസിറ്റ് ചെയ്യേണ്ടിയിരുന്നത്. തുക പൂർണ്ണമായും ഡെപ്പോസിറ്റ് ചെയ്യാതിരുന്ന സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തുക പൂർണ്ണമായും അടവാക്കാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (20/19-11-18) ലഭ്യമാക്കിയ മറുപടിയിൽ 2018-19 സാമ്പത്തിക വർഷം കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (16/19 )എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ബാക്കി തുക അടവാക്കും എന്നാണ് അറിയിച്ചത്. തുക പൂർണ്ണമായും അടവാക്കേണ്ടതും വാട്ടർ അതോറിറ്റിയുമായി കരാർ ചമയ്ക്കേണ്ടതുമാണ് . ഭാഗികമായി തുക അടവാക്കി പദ്ധതികൾ നടപ്പിലാകാത്ത സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി ഇടപെടേണ്ടതും ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-14 സെന്റേജ് ചാർജ്ജ് അടവാക്കിയത് അനുവദനീയമല്ല

2017-18 പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ താഴെ പറയുന്ന പദ്ധതികൾക്ക് തുക ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്.10% സൂപ്പർവിഷൻ ചാർജ്ജും 2.5% സെന്റേജ് ചാർജ് ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തുകയാണ് മേൽ പദ്ധതികൾക്കായി പത്തനംതിട്ട,PH ഡിവിഷൻ ,എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുള്ളത്.എന്നാൽ PWD മാന്വൽ (G.O(P) No:13/2012/PWD;01.02.2012) ഖണ്ഡിക 1601.4 പ്രകാരം 2.5% സെന്റേജ് ചാർജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല.PWD മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമാണ്. എന്നാൽ 2012 ൽ ഉത്തരവായി വന്ന PWD മാന്വൽ പ്രകാരം അധികമായി അടവാക്കിയ സെന്റേജ് ചാർജ് KWA യിൽ നിന്ന് ഗ്രാമപഞ്ചായത്തിന് തിരികെ ആവശ്യപ്പെടാവുന്നതാണ്. തദ്ദേശ സ്വയം ഭരണ (FM) വകുപ്പിന്റെ 16.04.2018 ലെ സ.ഉ (സാധാ) നം.1069/2018/ത.സ്വ.ഭ വ ഉത്തരവു പ്രകാരം K.W.A യ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ് ഈടാക്കാൻ കഴിയുകയില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നമ്പരും പേരും | ഡെപ്പോസിറ്റ് തുകയും ബിൽ നമ്പരും | എസ്റ്റിമേറ്റ് തുക | സെന്റേജ് ചാർജ്ജ് |
|---|---|---|---|---|
| 1 | അരീക്കക്കാവ്- മണിയാർ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (208/18) | 945000<br>(26 തീ 19/2/2018 | എസ്റ്റിമേറ്റ് തുക- 828758<br>സൂപ്പർവിഷൻ ചാർജ്ജ്- 82876<br>സെന്റേജ് ചാർജ്ജ്- 20719<br>Unforeseen item- 12647<br>ആകെ - **945000** | 20719 |
| 2 | നിരവത്ത്പടി -കമ്പളത്താമൺ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (210/18) | 85000<br>(27/18 തീ 19/2/18) | എസ്റ്റിമേറ്റ് തുക- 71782<br>സൂപ്പർവിഷൻ ചാർജ്ജ്- 7177<br>സെന്റേജ് ചാർജ്ജ്- 1795<br>Unforeseen item- 4246<br>ആകെ - **85000** | 1795 |
| 3 | വാളൂർ– കൈതതടത്തിൽ റോഡ് കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (206/18) | 281180<br>(36 & 37 തീ 28/2/18) | എസ്റ്റിമേറ്റ് തുക- 270993<br>സൂപ്പർവിഷൻ ചാർജ്ജ്- 27099<br>സെന്റേജ് ചാർജ്ജ്- 6775 | 6775 |

| | | | | |
|---|---|---|---|---|
| | | | Unforeseen item- 5133<br>ആകെ - **310000** | |
| | | | ആകെ | 29289 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി സെന്റേജ് ചാർജ്ജിനത്തിൽ നൽകിയ 29289 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-15 ABC പ്രോഗ്രാം- പദ്ധതി നടപ്പിലായില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും , മൃഗസംരക്ഷണവകുപ്പും സംയുക്തമായി തെരുവു നായകളുടെ പ്രജനന നിയന്ത്രണത്തിനായുള്ള ABC പ്രോഗ്രാമിൽ (Animal Birth Designated Management Units) ഏർപ്പെടുന്നതിനായി 27-08-2016-ലെ 45151/RC3/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പദ്ധതിയുടെ ഭാഗമായി തെരുവുനായകളെ പിടികൂടി സംരക്ഷിച്ച് ശസ്ത്രക്രിയ നടത്തി വാക്സിനേഷൻ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ABC പ്രോഗ്രാം ( പ്രോജക്ട് നം-217/18) എന്ന പേരിൽ 150000 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും ടി തുക ABC പ്രോഗ്രാം ഡിസ്ട്രിക് മിഷൻ കോ- ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (ബിൽ നം-25 തീ 19/02/2018) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിരുന്നു.

ടി പദ്ധതിയുടെ ഭാഗമായി എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/19-11-2018) ലഭ്യമാക്കിയ മറുപടിയിൽ തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിനും പാർപ്പിക്കുന്നതിനും വേണ്ടിയുള്ള ഷെൽട്ടർ റൂം സ്ഥാപിക്കാതിരുന്നത് മൂലമാണ് റാന്നി ബ്ലോക്കിന്റെ കീഴിലുള്ള 9 പഞ്ചായത്തുകളിലും ടി പദ്ധതി നടക്കാതെ പോയത് എന്നാണ് അറിയിച്ചത്. പദ്ധതി പ്രവർത്തനം നടക്കാതിരുന്ന സാഹചര്യത്തിൽ ഡെപ്പോസിറ്റ് തുകയായ 150000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ദർഘാസ് പരസ്യങ്ങൾക്ക് വൻതുക ചെലവഴിച്ചു

2017-18 സാമ്പത്തിക വർഷം വിവിധ ദർഘാസ് പരസ്യങ്ങൾക്കായി 176207 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | പ്രസിദ്ധീകരിച്ച തീയതി | ബിൽ നം/ചെക്ക് നം/തീയതി | തുക |
|---|---|---|---|---|
| 1 | മാതൃഭൂമി | 19-09-2017 | 23 തീ 19/02/2018 | 8400 |
| 2 | മാതൃഭൂമി | 20-09-2017 | 21700894 തീ 20/02/2018 | 8400 |
| | | 01-10-2017 | | 8400 |
| | | 11-10-2017 | | 8400 |
| | | 27-10-2017 | | 8400 |
| | | 27-10-2017 | | 8400 |
| | മലയാള മനോരമ | 23-11-2017 | 21700894 തീ 20/02/2018 | 6823 |
| 3 | മാതൃഭൂമി | 12-08-2017 | 22 തീ 23-11-2017 | 8400 |
| | മാതൃഭൂമി | 15-08-2017 | | 12705 |
| | മാതൃഭൂമി | 20-08-2017 | | 8400 |
| | മാതൃഭൂമി | 25-08-2017 | | 8400 |
| | മാതൃഭൂമി | 29-08-2017 | | 8400 |
| | മാതൃഭൂമി | 08-09-2017 | | 8400 |
| | മാതൃഭൂമി | 21-10-2017 | | 8400 |
| | മലയാള മനോരമ | 28-10-2017 | | 5147 |
| | മലയാള മനോരമ | 28-10-2017 | | 14448 |
| | മാതൃഭൂമി | 29-10-2017 | | 10353 |
| | മാതൃഭൂമി | 29-10-2017 | | 10353 |
| | മലയാള മനോരമ | 29-09-2017 | | 4289 |
| | മലയാള മനോരമ | 11-10-2017 | | 4289 |
| | | | ആകെ | 176207 |

2017-18 സാമ്പത്തിക വർഷങ്ങളിൽ 20 ദിവസം ഗ്രാമപഞ്ചായത്ത് വിവിധ ദിനപ്പത്രങ്ങളിൽ ദർഘാസ് പരസ്യം നൽകിയിട്ടുണ്ട്. ഒരേ ദിവസങ്ങളിൽ ഒരേ പത്രത്തിൽ ഒന്നിൽ കൂടുതൽ പരസ്യം നൽകിയിരിക്കുന്നു. 29-10-2017ലും 27-10-2017ലും ഒരേ ദിനപ്പത്രത്തിൽ രണ്ട് പരസ്യങ്ങൾ വീതം നൽകിയിരിക്കുന്നു. ഒറ്റ പ്രോജക്ടിന്റെ നിർവ്വഹണത്തിന് മാത്രമായി പരസ്യം നൽകിയിരിക്കുന്നു. കൂടാതെ തുടർച്ചയായ ദിവസങ്ങളിൽ പരസ്യം നൽകിയിരിക്കുന്നു എന്നതും മുകളിലെ പട്ടികയിൽ നിന്നും വ്യക്തമാണ്. ഇപ്രകാരമുള്ള പരസ്യം നൽകൽ അധികചെലവിന് കാരണമായി

പൊതുമരാമത്ത് പ്രവൃത്തികളുടെയും വാങ്ങൽ പ്രവൃത്തികളുടെയും ദർഘാസ് പരസ്യങ്ങൾ ഒരുമിച്ച് നൽകുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്. തുടർച്ചയായ ദിവസങ്ങളിലെ പരസ്യങ്ങൾ ഒഴിവാക്കി ഒറ്റത്തവണയായി പരസ്യം നൽകുന്നതിനും കൂടാതെ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ദർഘാസ് പരസ്യങ്ങൾ ഒരുമിച്ച് നൽകുന്നതിലൂടെയും അധിക ചെലവ് ഒഴിവാക്കാവുന്നതാണ്. ടി വിഷയത്തിൽ അനുയോജ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 3-17 എസ്.എസ്.എ പദ്ധതി- വിനിയോഗ രേഖകൾ പൂർണ്ണമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ,പേര് | 1/18 സർവ്വ ശിക്ഷ അഭിയാൻ |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 500000 |
| ബിൽ തുക,ബിൽ നമ്പർ | ₹500000, ബിൽ നമ്പർ:1/2017-18 /28.7.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ്, ജിഎൽപിഎസ്, വടശ്ശേരിക്കര |

ഗ്രാമപ്പഞ്ചായത്തിലെ പ്രൈമറി സ്കൂളുകളുടെ സമഗ്രവികസനത്തിനായി പദ്ധതി പ്രകാരം എസ്.എസ്.എയ്ക്ക് 500000 രൂപ നൽകിയിട്ടുണ്ട്.(പ്രോ.നം.35/17,ബിൽ നമ്പർ-01/2016-17 തീയതി-27.12.2016) എസ്.എസ്.എ യിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റിൽ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട് എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കാൻ എസ്.എസ്.എ യോട് ആവശ്യപ്പെടേണ്ടതാണ്.ഈ വിഷയത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 120750/- രൂപയാണ്. 2014 സാമ്പത്തിക വർഷമാണ് അവസാനമായി സംയുക്ത പരിശോധന നടത്തിയത്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് 21.02.2017, 08.05.2017 തീയതികളിൽ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നെങ്കിലുംയാതൊരു മറുപടിയും ലഭിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുള്ള ഉദാസീനത സംബന്ധിച്ച് ഉന്നതാധികാരികളുമായി ബന്ധപ്പെടേണ്ടതും ഉടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2017-18 വർഷം 276ടാപ്പുകൾക്കായി 1449000/- രൂപയാണ് വാട്ടർ ചാർജിനത്തിൽ ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ചത്. പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൊതുടാപ്പുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.നിലവിലുള്ള ടാപ്പുകളിൽ പ്രവർത്തനക്ഷമമായത് മാത്രം നിലനിർത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും കടിവെള്ള ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-19 തെരുവ് വിളക്ക് മീറ്ററിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2013-14 വർഷം തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി വടശ്ശേരിക്കര സെക്ഷൻ ഓഫീസിൽ 583000 (ചെക്ക് നം. 1161917/07.10.2013) രൂപയും കെ.എസ്.ഇ.ബി റാന്നി സെക്ഷൻ ഓഫീസിൽ 31800 (ഡി.ഡി.നം-694386/17.12.2013) രൂപയും ഒടുക്കിയിട്ടുണ്ട്. ഇതു പ്രകാരം 130മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ 19മീറ്ററുകളിൽ നിന്നുള്ള റീഡിംഗ് മാത്രമേ എടുക്കുന്നുള്ളൂ. . 16.08.2014 മുതലുള്ള താരിഫ് റേറ്റ് പ്രകാരം പ്രതിമാസം 99591 രൂപ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജായി കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നുണ്ട്. ഒരു വർഷം ഏകദേശം 12 ലക്ഷം രൂപ ഈയിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവാകുന്നുണ്ട്. വൈദ്യതി ബോർഡുമായി കരാർ വയ്ക്കാത്തത് മൂലം പ്രവൃത്തി അകാരണമായി ദീർഘിപ്പിക്കുന്നതിന് പഞ്ചായത്തിന് പിഴ ഈടാക്കാനും സാധിക്കുന്നില്ല. വിഷയം ഭരണസമിതിയിലോ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ചർച്ച ചെയ്യാത്തത് ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കുന്ന സമീപനത്തെ സൂചിപ്പിക്കുന്നു. വിഷയം അതീവ പ്രാധാന്യത്തോടെ കണ്ട് അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബോർഡിനോട് ആവശ്യപ്പെടേണ്ടതാണ്.

## 3-20 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖയാണ് 29.1.2015-ലെ സ.ഉ(കൈ.)18/2015/തസ്വഭവ നമ്പർ ഉത്തരവ്. പ്രസ്തുത ഉത്തരവ് പ്രകാരം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുക, ജനങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിലെ കാലതാമസം കുറയ്ക്കുക, പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുക എന്നിവ ഇതിൽ ഉൾപ്പെടും. പഞ്ചായത്ത് ഇതു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

സൂചിക സോഫ്റ്റ് വെയർ മുഖേന ഫയലുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന രീതി പ്രാവർത്തികമായിട്ടില്ല. കൂടാതെ, മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നത് പ്രകാരം ജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല. (ഇരിക്കാൻ സൗകര്യം,റാമ്പ്, കുടിവെള്ളം, ടച്ച് സക്രീൻ, എഴുതാൻ സ്റ്റേഷനറി, ടി.വി എന്നിവ)

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു കർമ്മ പരിപാടി തയ്യാറാക്കുകയോ ഭൗതീക സാഹചര്യങ്ങൾ, പരിഹാര സംവിധാനങ്ങൾ എന്നിവ തീരുമാനിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഒരു സമയക്രമം നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ നിരന്തര പുരോഗതി വിലയിരുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഗുണമേന്മ വിലയിരുത്തി കൂടുതൽ ഗുണപരമാക്കുന്നതിന് സ്റ്റിയറിംഗ് കമ്മിറ്റിയും നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

2017-18 വർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്ന പദ്ധതിയിലുൾപ്പെടുത്തി 100000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലായില്ല. പ്രാരംഭ നടപടി എന്ന നിലയിൽ റിക്കാർഡ് റൂം സജ്ജീകരിക്കൽ പോലും പഞ്ചായത്ത് ചെയ്തിട്ടില്ല. മേൽ സൂചിപ്പിച്ചത് പോലെ, ഒരു കർമ്മ പദ്ധതി തയ്യാറാക്കി, സർട്ടിഫിക്കേഷൻ നേടാനുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി പൂർത്തീകരിക്കേണ്ടതാണ്.

## 3-21 ജീവിതശൈലി രോഗങ്ങളുടെ നിർണ്ണയത്തിനായി വാർഡ്തല ക്ലിനിക്കുകൾ(വയോജനങ്ങൾക്ക്)- ക്വട്ടേഷൻ ക്ഷണിക്കാതെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി

| പ്രൊജക്റ്റ് നം. | വകയിരുത്തിയ തുക | ചിലവഴിച്ച തുക | | |
|---|---|---|---|---|
| S0054/18 | 150000/- (വികസന ഫണ്ട്) | ബിൽ നം.08/17-18 തീ:02.03.18 | 100000 | 150000 |
| | | ബിൽ നം.11/17-18 തീ:28.03.18 | 50000 | |

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് 32600/- ചെലവഴിച്ചിട്ടുണ്ട്. മെഡിപാർക്ക് സർജിക്കൽസ് & ഡയഗണോസ്റ്റിക്സ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.95 തീ.:29.11.2017 പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണം | എണ്ണം |
|---|---|
| ബി.പി.അപ്പാരറ്റസ് | 1 |
| സ്റ്റെതസ്കോപ്പ് | 1 |
| ഗ്ലൂക്കോമീറ്റർ | 1 |

| | |
|---|---|
| ഗ്ലൂക്കോസ്ട്രിപ്പ് | 1550 |

എന്നാൽ പ്രസ്തുത വാങ്ങലിനായി ടെൻഡർ ക്ഷണിച്ചതിന്റെ രേഖകളിൽ 14.03.2018 -ൽ ടെൻഡർ ക്ഷണിച്ചതായാണ് കാണുന്നത്. 23.03.2018-ൽ തുറന്നു പരിശോധിച്ച ക്വട്ടേഷനുകളിൽ എറ്റവും കുറവ് തുകയായ 32600/-രൂപ ക്വാട്ട് ചെയ്ത മെഡിപാർക്ക് സർജിക്കൽസ് & ഡയഗണോസ്റ്റിക്സ്, പത്തനംതിട്ട എന്ന സ്ഥാപനത്തിന് 24.03.18-ൽ സപ്ലൈ ഓർഡർ(നം.83/2018) നൽകിയിട്ടുള്ളതായും രേഖകളുണ്ട്. 29.11.2017-ൽ വാങ്ങിയ ഉപകരങ്ങൾക്ക് 14.03.18-ൽ ടെൻഡർ ക്ഷണിച്ച് 24.03.18-ൽ സപ്ലൈ ഓർഡർ നൽകിയതായുള്ള രേഖകൾ ഹാജരാക്കിയതിൽ നിന്നും ടെൻഡർ ക്ഷണിക്കാതെ ചട്ടവിരുദ്ധമായി വാങ്ങൽ നടത്തുകയും പിന്നീട് ടെൻഡർ രേഖകൾ തയ്യാറാക്കുകയും ചെയ്തതായി സംശയിക്കുന്നു.ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.15 തീ:16.11.18), ക്ലറിക്കൽ അപാകത കൊണ്ട് സംഭവിച്ചതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയത് അംഗീകരിക്കുവാൻ സാധിക്കില്ല. വാങ്ങൽ നടപടിക്രമങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. ടെണ്ടറുകൾ ക്ഷണിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് വാങ്ങൽ നടത്തേണ്ടിയിരുന്നത്. ടെൻഡർ ക്ഷണിക്കാതെ വാങ്ങൽ നടത്തുകയും പിന്നീട് ടെൻഡർ രേഖകൾ തയ്യാറാക്കുകയും ചെയ്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചട്ടവിരുദ്ധമായി ചെലവഴിച്ച 32600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയും നിരീക്ഷണവും ഉണ്ടാവേണ്ടതാണ്.

## 3-22 ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിൽ - പുതിയ കെട്ടിടത്തിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല

മാർക്കറ്റിനകത്ത് സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണിച്ച് അപകടാവസ്ഥയിലാണ്. നാശോന്മുഖമായ കെട്ടിടത്തിന്റെ 6 കടമുറികൾ വാടകയ്ക്ക് എടുക്കാൻ ആരും ലേലം കൊള്ളാത്തതിനാൽ വർഷങ്ങളായി വെറുതെയിട്ടിരിക്കുകയാണ്. കടമുറിവാടക ഇനത്തിൽ ഗണ്യമായ വരുമാനനഷ്ടം ഉള്ളപ്പോഴും, അനുയോജ്യമായ സ്ഥലത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പണിയുന്നതിന് ഗ്രാമപ്പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.

അനുയോജ്യമായ സ്ഥലത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പണിയുന്നതിന് പദ്ധതി നടപ്പാക്കേണ്ടതും തനതു വരുമാനത്തിലെ ചോർച്ച പരിഹരിക്കേണ്ടതുമാണ്.

## 3-23 ഭിന്നശേഷിയുള്ള കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക പൂർണ്ണമായി അനുവദിച്ചു നൽകിയില്ല

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | | |
|---|---|---|---|---|
| S0029/18 | 500000 (വികസന ഫണ്ട്) | ബിൽ നം.04 തീ:25.08.17 | 221000 | 500000 |
| | | ബിൽ നം.13 തീ:19.03.18 | 279000 | |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ശാരീരിക – മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് വികസനഫണ്ടിൽ നിന്നും 500000/-രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. മാനസിക-ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്/ബത്ത എല്ലാ മാസവും നൽകേണ്ടതാണെന്ന് ജി.ഒ(എം.എസ്) നം.80/2017/ത.സ്വ.ഭ.വ തീ:03.04.2017- ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ ഗുണഭോക്താക്കളായ കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ്/ബത്ത പൂർണ്ണമായി അനുവദിച്ചു നൽകിയിട്ടില്ല.12-മാസത്തേക്ക് അർഹമായ ധനസഹായത്തിന്റെ 70% മാത്രമാണ് ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും അനുവദിച്ചു നൽകിയത് . ഏകീകൃത നിരക്കിലല്ല സ്കോളർഷിപ്പ് വിതരണം നടത്തിയിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 42-പേരിൽ 32-പേർക്ക് അർഹമായ ധനസഹായത്തിന്റെ 70% +485 രൂപയും 5-പേർക്ക് 70%+484 രൂപയും ബാക്കിയുള്ള 5-പേരിൽ 3-പേർക്ക് 87% ഉം 2-പേർക്ക് 82, 97 ശതമാനം വീതവുമാണ് വിതരണം ചെയ്തത് .

35-ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് അനുവദിക്കാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ആദ്യഘട്ടത്തിൽ അപേക്ഷ സമർപ്പിച്ച 24- പേർക്ക് അർഹമായ സ്കോളർഷിപ്പിന്റെ കുറച്ചുഭാഗം (221000/-) വിതരണം നടത്തിയതിനു ശേഷം പിന്നീട് അപേക്ഷ സമർപ്പിച്ച 18 -പേരെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഗുണഭോക്തൃ പട്ടിക വിപുലീകരിക്കുകയും ചെയ്തു. എന്നാൽ ഗുണഭോക്തൃ പട്ടിക വിപുലീകരിച്ചതിനനുസരിച്ച് പദ്ധതി റിവിഷൻ ചെയ്ത് എല്ലാവർക്കും സ്കോളർഷിപ്പ് നൽകുന്നതിനാവശ്യമായ തുക വകയിരുത്തിയില്ല. തൻമൂലം ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന 279000/- രൂപയിൽ നിന്നും ആദ്യ ഗഡു ലഭിച്ച കുട്ടികളുടെ ബാക്കി തുകയും പുതുതായി അപേക്ഷിച്ചവരുടെ സ്കോളർഷിപ്പും അനുവദിക്കേണ്ടി വരികയും തുക കുറവായത് കാരണം അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും വിതരണം ചെയ്യാൻ സാധിക്കാതെ വരികയും ചെയ്തു. 2017-18-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച 9 – പദ്ധതികളിൽ 6-എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് . ആകെ വകയിരുത്തിയ തുകയുടെ 73.45% മാത്രമാണ് ചെലവഴിച്ചിട്ടുമുള്ളത്. നടപ്പിലാക്കാത്ത പദ്ധതികളിൽ നിന്നുള്ള തുകയിൽ നിന്നും സ്കോളർഷിപ്പ് പദ്ധതിയ്ക്കാവശ്യമായ അധിക തുക വകയിരുത്തി പദ്ധതി റിവിഷൻ ചെയ്യാമായിരുന്നിട്ടും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നും അത്തരം ശ്രമങ്ങൾ ഉണ്ടായിട്ടില്ല. മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അർഹതപ്പെട്ട ആനുകൂല്യം പൂർണ്ണമായി അനുവദിക്കുന്നതിൽ വീഴ്ച്ച വരുത്തിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ ധനസഹായവും ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥയും പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്

## 3-24 ഫണ്ട് അപര്യാപ്തം - ക്ഷീരകർഷകർക്ക് പാലിന് പരമാവധി സബ്സിഡി നൽകാനായില്ല

പര്യാപ്തമാംവിധം ഫണ്ട് വകയിരുത്താഞ്ഞതിനാൽ 'ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ' എന്ന പദ്ധതി പ്രകാരം പരമാവധി ധനസഹായം നൽകാനായില്ല.

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം ആവിഷ്കരിച്ച പദ്ധതിയ്ക്കായി (SO.20/18) അടങ്കൽ വകയിരുത്തിയത് 350000/- രൂപ (വികസന ഫണ്ട്) മാത്രമായിരുന്നു. സംയുക്ത പദ്ധതികളിലൂടെ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവടങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ, തലച്ചിറ, മാടമൺ, ബൗണ്ടറി, പുതുശ്ശേരിമല, മോതിരവയൽ എന്നീ 5 ക്ഷീര സഹകരണ സംഘങ്ങൾ മുഖേന 118 ക്ഷീരകർഷകർക്ക് തൻവർഷം ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ മാത്രമേ പാലിന് സബ്സിഡി നൽകാൻ കഴിഞ്ഞുള്ളൂ. ഇപ്രകാരം പദ്ധതിയ്ക്കായി വകയിരുത്തിയ 350000/- രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പര്യാപ്തമായ ഫണ്ട് വകയിരുത്താഞ്ഞതിനാൽ നവംബർ മുതൽ 2018 മാർച്ച് വരെ കാലയളവിലെ സബ്സിഡി ക്ഷീരകർഷകർക്ക് നൽകാനായില്ല എന്നത് പദ്ധതി ആസൂത്രണത്തിലെ ഗുരുതരമായ അപാകതയായി വിലയിരുത്തുന്നു.

അപാകതയിന്മേൽ വിശദീകരിക്കേണ്ടതും സംയുക്ത പദ്ധതികൾ മുഖേന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവടങ്ങളിൽ നിന്നും വിഹിതം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകുന്നതിന് ഉതകുംവിധം പദ്ധതി നടപ്പാക്കുന്നതിനും വരുംവർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-25 ന്യൂ യു.പി.എസ്. ഗവ. എൽ.പി.എസ് അടുക്കള നിർമ്മാണം- എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത

ന്യൂ. യു.പി.എസ്, ബംഗ്ലാംകടവ്, ഗവ. എൽ.പി.എസ്, വടശ്ശേരിക്കര എന്നീ സ്കൂളുകൾക്ക് അടുക്കള നിർമ്മാണത്തിനായി ആകെ 7 ലക്ഷം രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷം പദ്ധതി (SO.171/18) നടപ്പാക്കിയിരുന്നു. ആദ്യ ഘട്ടമായി കെട്ടിടത്തിന്റെ റൂഫ് സ്ലാബ് വരെ സ്ട്രക്ച്ചർ പണിയുന്നതിനാണ് എസ്റ്റിമേറ്റിൽ ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നത്. 27.6.2017-ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം 583152/- രൂപയെന്ന് കണക്കാക്കി കരാറുകാരനായ ശ്രീ. വിജു വി ആർ-ന് പ്രതിഫല തുക നൽകിയിട്ടുണ്ട്. (ബിൽ നം. 32/18 തീയതി 10.10.17)

രണ്ട് സ്കൂളുകളിലേയും അടുക്കളകൾക്ക് 2 കതകൾക്കും 3 പാളികൾ ഉള്ള 1 ജനലിനും 1 വെന്റിലേറ്ററിനും ആണ് എസ്റ്റിമേറ്റിൽ ഇനം ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, 1 കതക്, 3 പാളികൾ ഉള്ള 1 ജനൽ, വെന്റിലേറ്റർ എന്നിവ ആണ് പ്രവൃത്തിയ്ക്കായി ചെയ്തിട്ടുള്ളത്. കെട്ടിടത്തിന് 1 ജനൽ കൂടി ഉൾപ്പെടുത്താതിരുന്നത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതയാണ്. ഇക്കാരണത്താൽ, അടുക്കളകെട്ടിടത്തിൽ സുഗമമായ വായുസഞ്ചാരം ഉറപ്പാക്കിയില്ല.

അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 500000/- | പാലിയേറ്റീവ് പരിചരണം | 500000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000/- | 0 |

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അരീക്കക്കാവ്-മണിയാർ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (208/18) | 945000 | 0 | 1030000 |
| കേരള വാട്ടർ അതോറിറ്റി | വാളൂർ–കൈതതടത്തിൽ റോഡ് കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (206/18) | 281180 | 0 | 281180 |
| കേരള വാട്ടർ അതോറിറ്റി | പർവ്വതം-കറുകപതാലിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (205/18) | 350000 | 0 | 350000 |
| കേരള വാട്ടർ അതോറിറ്റി | നിരവത്ത്പടി -കമ്പളത്താമൺ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (210/18) | 85000 ( | 0 | 85000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (75/18) | 2800349 | 0 | 2 800349 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇല്ല | | | | | | |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല

### 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 1999-2000 | 22 | 64 | ആനന്ദൻ എ.വി., മെമ്പർ | 117030102149/14.08.17 |

| | | | | |
|---|---|---|---|---|
| 2012-13 | 3-19 | 23441 | ദാനിയേൽ, അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 117030105649/12.02.18 |
| 2012-13 | 3-19 | 23441 | മധുകമാർ, അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 117030105650/12.02.18 |
| 2016-17 | 3-5 | 4026 | ബാലൻ എൻ.വി, മെമ്പർ | 117030102116/10.08.2017 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 2-14 | 2007-08 | 3-16.1 | വില്ലേജ് എക്സ്റ്റഷൻ ഓഫീസർ ധനസഹായ വിതരണമേഖലകളിൽ കൃത്രിമം കാണിച്ചു | VC/3/13 /PTAനമ്പർ കേസ് നിലനിൽക്കുന്നു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 101577365.42 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80889929 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10353 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 586006 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-8 | | 10353 | ശ്രീമതി ജ്യോതി.എസ്,ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| ആകെ | | **10353** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4(d) | 2360 | ഡോ.ശ്രീകമാർ.എസ്,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-4(e) | 8390 | ഡോ.ശ്രീകമാർ.എസ്മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-6(1) | 1467 | ശ്രീമതി ജ്യോതി എസ്, സെക്രട്ടറി |
| 3-7 | 331900 | ശ്രീമതി ജ്യോതി.എസ്,ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 3-10 | 30000 | ശ്രീ. രമേശ്കുമാർ ടി, വി.ഇ.ഒ |
| 3-14 | 29289 | ശ്രീമതി ജ്യോതി.എസ്,ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 3-15 | 150000 | ശ്രീമതി ജ്യോതി.എസ്,ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 3-21 | 32600 | ഡോ.ശ്രീകമാർ.എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | **586006** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|

| | |
|---|---|
| 2-2 | 417000 |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ശ്രീകമാർ.എസ്<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)<br>വടശ്ശേരിക്കര | ഉണ്ടിയിൽ വീട്<br>ആലഞ്ചേരി<br>ഏരൂർ.പി.ഒ,കൊല്ലം |
| ശ്രീമതി അമ്മിണിക്കുട്ടി.റ്റി.സി, അസ്സിസ്റ്റന്റ് എഞ്ചിനീയർ | സേവനത്തിൽ നിന്നും വിരമിച്ചു | പനമ്പിലാവിൽ പുതിയവീട്<br>പറക്കോട്.പി.ഒ<br>അടൂർ |
| ശ്രീമതി ജ്യോതി.എസ്,<br>ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ഗ്രാമപഞ്ചായത്ത് സെക്രട്ടറി<br>വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് | ശ്രീലക്ഷ്മി<br>മങ്ങാരം.പി.ഒ<br>കോന്നി |
| ശ്രീ. രമേശ്കുമാർ ടി<br>വി.ഇ.ഒ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് | കാരക്കാട് പുത്തൻവീട്,<br>പരുമായിക്കോണം,<br>ധനുവച്ചപുരം പി.ഒ,<br>തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി.6/1039/2011 തീയതി. 25-11- 2009 | 9 |
| 1996-97 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5/747/2008 തീയതി 11-01-2010 | 4 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/651/1997 തീയതി.09-10-2000 | |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5/748/2008 തീയതി.11-01-2008 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/534/1998 തീയതി.26-02-2009 | |
| 1997-98 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.3/575/1999 തീയതി.02-02-2000 | |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ.പി. 5/462/2009 തീയതി.11-05-2010/04-11-2011 | 2 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.3/213/2000 തീയതി.14-112000 | 18 |
| 1999-00(വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5/751/2009 തീയതി.11-01-2010 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി. 4/243/2003 തീയതി.03-02-2003 | |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/446/2005 തീയതി.01-10-2005 | |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.4/648/2003 തീയതി.14-01-2005 | |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ.പി.4/247/2008 തീയതി30-06-2009 | |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/447/2005 തീയതി.17-12-2005 | |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.4/649/2003 തീയതി.14-01-2005 | |
| 2002-03(വരവ്) | എൽ.എഫ്.പി.റ്റി.എ.പി.4/248/2008 തീയതി.31-07-09 | |

| | | |
|---|---|---|
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/405/2007 തീയതി.26-03-2008 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി. 8/249/2008തീയതി.30-06-2009 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.5/754/2008 തീയതി.07-02-2010 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.6/755/2008 തീയതി.07-07-2010 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.8/23/2011 തീയതി.07-01-2013 | 7 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.8/24/2011 തീയതി.08-012013 | 17 |
| 2008-09 മുതൽ 2011-12വരെ | എൽ.എഫ്.പി.റ്റി.എ.പി.6/97/2013 തീയതി.09-05-2013 | 16 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.6/1151/14 തീയതി.20-03-15/31-07-15 | 11 |
| 2013-14,2014-15 | എൽ.എഫ്.പി.റ്റി.എ.പി.11/1151/146 തീയതി.05-06-16 | 7 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി6/975/16 തീയതി 30-08-2016 | 10 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി11/676/17 തീയതി 31-03-2018 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 5-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി11/1526 /18 തീയതി : 11.12.2018

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിന്റെ **2017-18**വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക **1-11**-ൽചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ **2017-18**ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.K.S.A.PTA.P11/1526/18 Dated : 11.12.18

**CERTIFICATE**

Certified that I have examined the Annual Financial Statement of **Vasasserikara Grama Panchayat** in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Vadasserikara Gramma Panchayat** for the year 2017-18 except the obeservations in **Para 1-11** of my report properly presents the picture of income and expenditure.

**Habeeb Mohammed**

**Deputy Director (H.G)**

**Kerala State Audit Department**

**Pathanamthitta**